10
2024
ഏപ്രിൽ
ബുധൻ
മീനം 28

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391








തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.171 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-171 | പേജ് 4. വില 2.00 രൂപ



02 സബ് ഡിവിഷണൽ മജിസ്ട്രേറ്റിനെ കാറിടിപ്പിച്ച് അപായപ്പെടുത്താൻ ശ്രമം

03 മോഹൻലാൽ ചിത്രം 'എൽ 360' ഏപ്രിലിൽ ആരംഭിക്കുമെന്ന് സംവിധായകൻ തരുൺ മൂർത്തി

04 തിരഞ്ഞെടുപ്പ് ഘട്ടത്തിൽ ചോദ്യംചെയ്യാൻ വിളിക്കുന്നത് ശരിയല്ല: ഇ.ഡിയോട് ഹൈക്കോടതി




## ശവ്വാൽ മാസപ്പിറവി ദൃശ്യമായി: കേരളത്തിൽ ഇന്ന് ചെറിയ പെരുന്നാൾ

കോഴിക്കോട്: ശവ്വാൽ മാസപ്പിറവി ദൃശ്യമായതിനാൽ കേരളത്തിൽ ചെറിയ പെരുന്നാൾ ഇന്ന്ായിരിക്കുമെന്ന് വിവിധ ഖാസിമാർ അറിയിച്ചു. പൊന്നാനിയിലാണ് മാസപ്പിറ കണ്ടത്. ഒമാൻ അടക്കമുള്ള ജി.സി.സി രാജ്യങ്ങളിലും നാളെയാണ് ചെറിയപെരുന്നാൾ.

ശവ്വാൽ മാസപ്പിറവി കണ്ടതായി വിശ്വാസയോഗ്യമായ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ നാളെ ഈദുൽ ഫിത്വർ ആയിരിക്കുമെന്ന് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ, സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ, കാന്തപുരം എ പി അബൂബക്കർ മുസ്ല്യാർ, സമസ്ത ജനറൽ സെക്രട്ടറി പ്രൊഫ. കെ. ആലിക്കുട്ടി മുസ്ലിയാർ, കോഴിക്കോട് വലിയ ഖാസി പാണക്കാട് നാസർ ഹയ്യ് ശിഹാബ് തങ്ങൾ, കോഴിക്കോട് ഖാസി സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈലി, ഇബ്രാഹീമുൽ ഖലീലുൽ ബുഖാരി തങ്ങൾ, പാളയം ഇമാം വി പി ശുഹൈബ് മൗലവി തുടങ്ങിയവർ അറിയിച്ചു.

# വിഴിഞ്ഞം തുറമുഖത്ത് ക്രയിനുകളെത്തി

# ഓണത്തിന് തുറമുഖം പ്രവർത്തനം തുടങ്ങും

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖം ഓണത്തോട് കൂടി കേരളത്തിന് സമർപ്പിക്കുമെന്ന് അദാനി ഗ്രൂപ്പ് വാർത്താ കുറിപ്പ് ഇറക്കിയതിന് പിന്നാലെ ക്രയിനുകൾ വിഴിഞ്ഞത്ത് എത്തിത്തുടങ്ങി.

6 യാഡ് ക്രയിനുകളുമായി ഷെൻഹുവ 16 എന്ന ചൈനീസ് കപ്പലാണ് വിഴിഞ്ഞത്തെത്തിയത് . നേരത്തെ 15 ക്രയിനുകൾ വിഴിഞ്ഞത്ത് എത്തിച്ചിരുന്നു. ആകെ 32 ക്രയിനുകളാണ് തുറമുഖ പ്രവർത്തനങ്ങൾക്ക് വേണ്ടത്. ആവശ്യമായ ബാക്കി ക്രയിനുകളും ഈ



മാസം തന്നെ എത്തിക്കുമെന്ന് അദാനി പോർട്സ് മാനേജ്മെന്റ് അറിയിച്ചു. ട്രയൽ റൺ മെയ് മാസത്തിൽ ആരംഭിക്കുമെന്നും മാനേജ്മെന്റ് അറിയിച്ചു. വലിയ ബാർജുകൾ എത്തിച്ചായിരിക്കും ട്രയൽ റൺ ആരംഭിക്കുക.

2959 മീറ്ററാണ് തുറമുഖത്തിന്റെ പ്രധാന ബ്രേക്ക് വാട്ടറിന്റെ ആകെ നീളം. ഇതിന്റെ 90 ശതമാനം പണിയും ഇതിനോടകം പൂർത്തിയായിക്കഴിഞ്ഞു. 800 മീറ്റർ ബർത്തിലെ 650 മീറ്ററും പണി പൂർത്തിയായിട്ടുണ്ട്.

തുറമുഖത്ത് ആവശ്യമായ യാർഡ് ക്രെയിനുകളും ഷിപ്പ് ടു ഷോ!ർ ക്രെയിനുകളും ഏപ്രിൽ ആകുമ്പോഴേക്ക് പൂർണ്ണമായും എത്തും. നിലവിൽ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോ!ഡിന്റെ നിർമ്മാണം നടക്കുന്നുണ്ട്. 1.7 കിലോമീറ്റർ ?ദൂരമാണ് റോഡ് നി!ർമ്മിക്കുന്നത്.

രണ്ട് സബ്സ്റ്റേഷനുകളുടെ നിർമ്മാണം നേരത്തേ പൂർ!ത്തിയായിരുന്നു. ഇനി നിർമ്മിക്കാനുള്ളത് കണ്ടെയ്നറുകൾ കപ്പലിൽ നിന്ന് ഇറക്കി വെക്കാനായുള്ള 3,80,000 ചതുരശ്ര മീറ്റർ കണ്ടെയ്നർ യാർഡാണ്. ഇതിന്റെ ആദ്യഘട്ടം പൂ!ർത്തിയായിട്ടുണ്ട്. അ?ഗ്നിരക്ഷാ സംവിധാനങ്ങളുടെ സജ്ജീകരണം പുരോ?ഗമിക്കുകയാണ്.

## മുൻമന്ത്രി ആന്റണി രാജുവിനെതിരെ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ

ന്യൂഡൽഹി: രണ്ടാം പിണറായി വിജയൻ മന്ത്രിസഭയിൽ ഗതാഗതമന്ത്രിയായിരുന്ന ജനാധിപത്യ കേരള കോൺഗ്രസ് നേതാവ് ആന്റണി രാജുവിനെതിരെ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ. തൊണ്ടിമുതൽ കേസിൽ അഭിഭാഷകനായിരുന്ന ആന്റണി രാജുവിനെതിരായ ആരോപണം ഗുരുതരമാണ് എന്നാണ് സർക്കാർ നിലപാട്. രാഷ്ട്രീയഭാവി തകർക്കാനുള്ള കേസാണെന്ന വാദം അടിസ്ഥാനരഹിതമാണെന്നും പുനരന്വേഷണത്തിനെതിരായ ഹർജി തള്ളണമെന്നും സർക്കാർ സുപ്രീം കോടതിയിൽ സമർപ്പിച്ച എതിർസത്യവാങ്മൂലത്തിൽ പറയുന്നു.

ജസ്റ്റിസ് സി.ടി. രവികുമാർ അധ്യക്ഷനായ സുപ്രീം കോടതി ബെഞ്ചാണ് തൊണ്ടിമുതൽ കേസ് പരിഗണിക്കുക. കേസിൽ പുനരന്വേഷണം നടത്തുന്നതിനെതിരെ ആന്റണി രാജു കോടതിയെ സമീപിച്ചിരുന്നു. ഈ കേസിലാണ് സംസ്ഥാന സർക്കാർ ഇപ്പോൾ എതിർസത്യവാങ്മൂലം സമർപ്പിച്ചിരിക്കുന്നത്. എതിർസത്യവാങ്മൂലം സമർപ്പിക്കാൻ വൈകുന്നതിൽ നേരത്തേ സംസ്ഥാന സർക്കാരിനെ സുപ്രീം കോടതി നിശിതമായി വിമർശിച്ചിരുന്നു. കേസ് പരിഗണിക്കുന്നതിന് തൊട്ടുമുമ്പായാണ് സർക്കാർ എതിർസത്യവാങ്മൂലം ഫയൽ ചെയ്തത്.

മയക്കുമരുന്ന് കടത്തിയ കേസിൽ പ്രതിയായ ഓസ്ട്രേലിയൻ പൗരനെ രക്ഷിക്കാൻ, കോടതിയിലിരുന്ന തൊണ്ടിമുതൽ മാറ്റിയെന്നതാണ് കേസ്. 1990 ഏപ്രിൽ നാലിന് തിരുവനന്തപുരം വിമാനത്താവളത്തിൽവെച്ചാണ് ഓസ്ട്രേലിയക്കാരൻ അടിവസ്ത്രത്തിൽ ഒളിപ്പിച്ച മയക്കുമരുന്നുമായി പിടിയിലാകുന്നത്. സെഷൻസ് കോടതി പ്രതിയെ ശിക്ഷിച്ചിരുന്നു. എന്നാൽ, അപ്പീലിൽ പ്രതിയെ ഹൈക്കോടതി വെറുതേവിട്ടു. അടിവസ്ത്രം പ്രതിക്ക് പാകമാകുന്നതല്ലെന്ന് വിലയിരുത്തിയായിരുന്നു ഇത്. ഓസ്ട്രേലിയൻ പൗരനെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുത്താൻ തൊണ്ടിയായ അടിവസ്ത്രത്തിൽ കൃത്രിമം കാട്ടിയെന്നാണ് അഭിഭാഷകനായ ആന്റണി രാജുവിനെതിരെ ഉയർന്ന ആരോപണം. ഓസ്ട്രേലിയയിലേക്ക് മടങ്ങിയ പ്രതി അവിടെ കൊലപാതകക്കേസിൽ അറസ്റ്റിലായതോടെയാണ് തൊണ്ടിമുതൽ മാറ്റിയ വിവരം പുറത്തുവരുന്നത്.

## ഭീഷണി: മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാറിന് ഇസഡ് കാറ്റഗറി സുരക്ഷ, അത്യപൂർവം

ന്യൂഡൽഹി: മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ രാജീവ് കുമാറിന് ഇസഡ് കാറ്റഗറി വി.ഐ.പി. സുരക്ഷയൊരുക്കി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. ഗൗരവതരമായ സുരക്ഷാ ഭീഷണിയുള്ളതിനാലാണ് അദ്ദേഹത്തിന് സായുധ കമാൻഡോകളുടെ സുരക്ഷ നൽകുന്നത്. 40 മുതൽ 45 വരെ സി.ആർ.പി.എഫ്. ജവാന്മാരാണ് രാജീവ് കുമാറിന്റെ സുരക്ഷയ്ക്കായി ഉണ്ടാകുകയെന്ന് വാർത്താ ഏജൻസിയായ പി.ടി.ഐ. റിപ്പോർട്ട് ചെയ്തു.

കേന്ദ്ര സുരക്ഷാ ഏജൻസികളുടെ റിപ്പോർട്ടിലാണ് മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർക്ക് ഭീഷണിയുണ്ടെന്ന് പറയുന്നത്. അദ്ദേഹത്തിന് ശക്തമായ സുരക്ഷയൊരുക്കണമെന്ന നിർദേശവും റിപ്പോർട്ടിലുണ്ട്. ഇതനുസരിച്ചാണ് രാജീവ് കുമാറിന് ഇസഡ് കാറ്റഗറി സുരക്ഷ നൽകിയത്. ഏഴ് ഘട്ടങ്ങളായി നടനക്കുന്ന ഇന്ത്യയിലെ പൊതുതിരഞ്ഞെടുപ്പ് ഏപ്രിൽ 19ന് ആരംഭിക്കാനിരിക്കെയാണ് തിരഞ്ഞെടുപ്പ് കമ്മീഷണറുടെ സുരക്ഷ വർധിപ്പിച്ചത്.

നിലവിൽ ഡൽഹി പോലീസിനാണ് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറുടേയും മറ്റ് രണ്ട് തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടേയും സുരക്ഷാ ചുമതല. ഡൽഹി പോലീസിന്റെ സായുധസംഘമാണ് ഇവർക്ക് സുരക്ഷയൊരുക്കുന്നത്. തിരഞ്ഞെടുപ്പ് കമ്മിഷണർക്ക് കേന്ദ്ര സേനയുടെ സുരക്ഷ നൽകുന്നത് അത്യപൂർവ്വ സംഭവമാണ്. നേരത്തേ തിരഞ്ഞെടുപ്പ് കമ്മീഷണറായിരുന്ന ടി.എൻ. ശേഷന് ഒരു തവണ കേന്ദ്ര സേനയുടെ സുരക്ഷ ഉണ്ടായിരുന്നു.

തിരഞ്ഞെടുപ്പ് കമ്മിഷൻ ആസ്ഥാനമായ നിർവചൻ സദനിലും വസതിയിലും മാത്രമല്ല രാജ്യത്തെവിടെ സഞ്ചരിക്കുമ്പോഴും മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർക്ക് ഇസഡ് കാറ്റഗറി സുരക്ഷ ഉണ്ടാകുമെന്ന് ആഭ്യന്തര വകുപ്പിലെ വൃത്തങ്ങൾ അറിയിച്ചു. അതേസമയം സുരക്ഷ വർധിപ്പിച്ചത് സംബന്ധിച്ച് കമ്മിഷനോ കമ്മിഷന്റെ വക്താക്കളോ ഇതുവരെ ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല.

## പട്ടം എസ്‌യുടി ആശുപത്രിയിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു

തിരുവനന്തപുരം: എസ് യു ടി ആശുപത്രിയുടെ ഗ്യാസ്ട്രോ സർജറി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഏപ്രിൽ 12, 13 (വെള്ളി ശനി) തീയതികളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 50 പേർക്ക് സൗജന്യ കൺസൾട്ടേഷനും, ഇളവുകളോടെ രോഗ നിർണ്ണയ ടെസ്റ്റുകളും, പ്രത്യേക സർജറി പാക്കേജും ലഭ്യമാക്കുന്നു. ഗ്യാസ്ട്രോ സർജറി വിഭാഗം ഡോ. സുഭാഷിന്റെ നേതൃത്വത്തിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. ഹെർണിയ, പിത്താശയ കല്ലുകൾ തുടങ്ങിയവയുടെ രോഗം നിർണ്ണയവും ചികിത്സയുമാണ് ക്യാമ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദ വിവരങ്ങൾക്ക് 7902793097, 9745964777 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

### എ.എം. രാജയുടെ ഓർമ ദിവസം ഏപ്രിൽ മാസത്തിലെ എട്ടാം നാളാണ്

## സ്വര രാജൻ ഏ എം രാജ

**മോഹൻശ്രീശൈലം**



പ്രമുഖ ദക്ഷിണേന്ത്യൻ ഗായകനും സംഗീതസംവിധായകനുമായിരുന്നു ഏയ്മല മന്മദരാജു രാജ എന്ന എ.എം. രാജ(1 ജൂലൈ 1929 8 ഏപ്രിൽ 1989). മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, സിംഹള സിനിമകളിൽ നിറഞ്ഞ സാന്നിധ്യമായിരുന്നു. നൂറിലധികം ചിത്രങ്ങൾക്ക് സംഗീതസംവിധാനവും നിർവ്വഹിച്ചു.

1929 ജൂലൈ ഒന്നിന് മാധവരാജയുടെയും എ.എം. ലക്ഷ്മിയുടെയും മകനായി ആന്ധ്രയിലെ ചിത്തൂരിൽ ജനിച്ചു. മൂന്നു മാസമായപ്പോഴേക്കും അച്ഛൻ മരിച്ചതിനെത്തുടർന്ന് കുടുംബം മദ്രായിലേക്കു മാറി. ചെന്നൈ പച്ചൈയപ്പാസ് കോളേജിൽ നിന്നും ബിരുദം നേടുമ്പോഴേക്കും പിയാനോ വാദകൻ എന്ന നിലയിൽ പേരെടുത്തിരുന്നു. പ്രേംനസീറിനു വേണ്ടി 1952ൽ വിശപ്പിന്റെ വിളി എന്ന ചിത്രത്തിൽ പാടിക്കൊണ്ടാണ് മലയാളചലച്ചിത്രവേദിയിൽ എത്തിയത്. തമിഴിൽ എം ജി ആറിനും ശിവാജി ഗണേശനും വേണ്ടി നിരവധി ഗാനങ്ങൾ പാടി. എങ്കിലും ജെമിനി ഗണേശനുവേണ്ടിയാണ് അദ്ദേഹം ഏറ്റവും കൂടുതൽ തമിഴ് ഗാനങ്ങൾ ആലപിച്ചിട്ടുള്ളത്

ഉമ്മ എന്ന ചിത്രത്തിലെ കദളിവാഴക്കയ്യിലിരുന്ന് കാക്കയിന്നു വിരുന്നുവിളിച്ചു... എന്നുതുടങ്ങുന്ന പ്രസിദ്ധഗാനം പാടിയ ജിക്കിയാണ് രാജയുടെ ഭാര്യ. ഒട്ടേറെ ചിത്രങ്ങളിൽ ഇരുവരും പിന്നണി പാടിയിട്ടുണ്ട്.

എ എം രാജ മലയാളത്തിൽ ഏറ്റവും കൂടുതൽ ഗാനങ്ങൾ ആലപിച്ചിട്ടുള്ളത് ദേവരാജന്റെ സംഗീതസംവിധാനത്തിലാണ്.

തെലുങ്കിൽ ശോഭ എന്ന ചിത്രത്തിനു വേണ്ടി സംഗീതം നിർവ്വഹിച്ചുകൊണ്ടായിരുന്നു തുടക്കം. മലയാളത്തിൽ 'അമ്മ എന്ന സ്ത്രീ'യുടെ സംഗീതം എ.എം. രാജയുടേതായിരുന്നു. നൂറിലധികം ചിത്രങ്ങൾക്ക് സംഗീതസംവിധാനം നിർവ്വഹിച്ചു. 1959ൽ പുറത്തിറങ്ങിയ കല്യാണ പരിശ്, 1961ൽ പുറത്തിറങ്ങിയ തേൻ നിലവ് എന്നീ ചിത്രങ്ങളിൽ അദ്ദേഹം ഈണം പകർന്ന മനോഹരഗാനങ്ങളുണ്ട്.

1989 ഏപ്രിൽ 8ന് തമിഴ്നാട്ടിലെ വള്ളിയൂരിൽ വച്ച് തീവണ്ടിയിൽ നിന്ന് താഴെവീണ് അദ്ദേഹം അന്തരിച്ചു. 60 വയസ്സായിരുന്നു അപ്പോൾ അദ്ദേഹത്തിന്. കന്യാകുമാരി ജില്ലയിലെ കുറ്റാലുമ്മൂട് ഭഗവതിക്ഷേത്രത്തിൽ ഒരു ഗാനമേള അവതരിപ്പിയ്ക്കാൻ തന്റെ സ്വന്തം ഗാനമേളാ ട്രൂപ്പുമായി വരുന്ന വഴിയിൽ, വള്ളിയൂർ റെയിൽവേ സ്റ്റേഷനിൽ വച്ച് വണ്ടിനിർത്തിയപ്പോൾ ഗാനമേളാട്രൂപ്പിലെ ഒരാൾ വെള്ളം നിറയ്ക്കാൻ പോകുകയും അയാളെ കാണാതായതിനെത്തുടർന്ന് രാജ അന്വേഷണത്തിനിറങ്ങുകയും ചെയ്തു. അയാളെ കണ്ടെത്തി മടങ്ങിവരുമ്പോഴേയ്ക്കും തീവണ്ടി പുറപ്പെട്ടതിനെത്തുടർന്ന് ചാടിക്കയറാൻ ശ്രമിയ്ക്കുന്നതിനിടയിലാണ് രാജ വീണത്. സംഭവസ്ഥലത്തുവച്ചുതന്നെ അദ്ദേഹം മരിച്ചു. മൃതദേഹം ചെന്നൈയിൽ സംസ്കരിച്ചു.




# യുദ്ധം ഏഴാം മാസത്തിലേക്ക്; ഗാസയിൽ മരണം 33,137

ഏഴാം മാസത്തിലേക്കു കടക്കുന്ന ഗാസ യുദ്ധം അവസാനിക്കുന്നതിൻറെ സൂചനകളൊന്നും ലഭ്യമല്ല. ആറു മാസത്തെ ഇസ്രേലി ആക്രമണത്തിൽ തകർന്നു തരിപ്പണമായ ഗാസ പട്ടിണിയുടെയും പകർച്ചവ്യാധിയുടെയും പിടിയിലേക്കു നീങ്ങുന്നു. വേൾഡ് സെൻട്രൽ കിച്ചണിൻറെ ഏഴു പ്രവർത്തകർ ഇസ്രേലി ആക്രമണത്തിൽ കൊല്ലപ്പെട്ടതോടെ ഗാസയിലെ ഭക്ഷണവിതരണം അനിശ്ചിതത്വത്തിലാണ്. ഗാസ നിവാസികളിൽ ഭൂരിഭാഗവും അഭയാർഥികളായി. ഹമാസിനെ പൂർണമായി ഉന്മൂലനം ചെയ്യുകയെന്ന ഇസ്രേലി ലക്ഷ്യം ഇനിയും ഏറെ ദൂരെയാണ്. ജനങ്ങളുടെയും സന്നദ്ധപ്രവർത്തകരുടെയും സുരക്ഷ ഉറപ്പുവരുത്താത്തതിൻറെ പേരിൽ ഇസ്രയേലിനുമേൽ യുഎസും ബ്രിട്ടനും അടക്കമുള്ള സഖ്യകക്ഷികളിൽനിന്ന് സമ്മർദം ശക്തമാവുകയും ചെയ്യുന്നു.

ഒക്ടോബർ ഏഴിന് ഹമാസ്, ഇസ്ലാമിക് ജിഹാദ് ഭീകരർ അപ്രതീക്ഷിതമായി നടത്തിയ ആക്രമണത്തിനു മറുപടിയായി ഇസ്രേലി സേന നടത്തുന്ന നിർദാക്ഷിണ്യ യുദ്ധത്തിൽ ഗാസയിൽ കൊല്ലപ്പെട്ട പലസ്തീനികളുടെ എണ്ണം 33,137 ആയി. ഇതിൽ ഏതാണ്ട് എഴുപതു ശതമാനവും വനിതകളും കുട്ടികളുമാണെന്ന് ഹമാസിൻറെ ആരോഗ്യവകുപ്പ് പറയുന്നു. കൊല്ലപ്പെട്ടവരിൽ 12,000 പേർ ഭീകരരാണെന്നാണ് ഇസ്രയേലിൻറെ ആരോപണം.

അധിനിവേശ വെസ്റ്റ് ബാങ്കിലെ ഇസ്രേലി നടപടികളിൽ 459 പലസ്തീനികളും കൊല്ലപ്പെട്ടിട്ടുണ്ട്. ഇതിൽ 420 പേരും തീവ്രവാദികളാണെന്ന് ഇസ്രയേൽ പറയുന്നു. ഇസ്രയേലിൻറെ ഭാഗത്തും നഷ്ടമുണ്ട്. ഒക്ടോബർ ഏഴിലെ ഭീകരാക്രമണത്തിൽ തെക്കൻ ഇസ്രയേലിൽ 1,170 പേരാണു മരിച്ചത്. യുദ്ധത്തിൽ 600 സൈനികർ മരിച്ചതായി ഇസ്രയേൽ സ്ഥിരീകരിച്ചിട്ടുണ്ട്. അധിനിവേശ വെസ്റ്റ് ബാങ്കിലെ അക്രമസംഭവങ്ങളിൽ പട്ടാളക്കാരും സിവിലിയന്മാരുമായി 17 ഇസ്രേലികൾ മരിച്ചു. ലബനനിലെ ഹിസ്ബുള്ള ഭീകരർ വടക്കൻ ഇസ്രയേലിൽ നടത്തുന്ന ആക്രമണത്തിൽ എട്ട് സിവിലിയന്മാരും പത്തു സൈനികരും മരിച്ചു. ഇസ്രയേൽ ലബനനിൽ നടത്തിയ തിരിച്ചടിയിൽ 359 പേരാണു മരിച്ചത്. ലബനനിലെയും ഇസ്രയേലിലെയും അതിർത്തിപ്രദേശങ്ങളിൽനിന്ന് ആളുകൾ ഒഴിഞ്ഞുപോയിരിക്കുന്നു. സിറിയയിൽ ഇസ്രയേൽ നടത്തിയ ആക്രമണങ്ങളിൽ 23 ഹിസ്ബുള്ള ഭീകരരും കൊല്ലപ്പെട്ടു.

ഭീകരർ ഗാസയിലേക്കു തട്ടിക്കൊണ്ടുപോയ 250 പേരിൽ നൂറോളം പേർ നവംബറിലെ ഒരാഴ്ച നീണ്ട വെടിനിർത്തലിൽ മോചിതരായിരുന്നു. ഭീകരരുടെ കസ്റ്റഡിയിൽ അവശേഷിക്കുന്ന 129 പേരിൽ 34 പേർ മരണപ്പെട്ടിരിക്കാമെന്നാണ് അനുമാനം. 12 മൃതദേഹങ്ങൾ ഇസ്രയേൽ വീണ്ടെടുത്തിട്ടുണ്ട്.

ഹമാസ്ഇസ്രയേൽ യുദ്ധം പശ്ചിമേഷ്യ മുഴുവൻ വ്യാപിക്കുമെന്ന ഭീതി ഇപ്പോഴും തുടരുന്നു. സിറിയൻ തലസ്ഥാനത്തെ നയതന്ത്ര കാര്യാലയത്തിൽ ഏഴ് വിപ്ലവഗാർഡ് ഓഫീസർമാർ കൊല്ലപ്പെട്ട ആക്രമണത്തിനു പ്രതികാരം ചെയ്യുമെന്ന് ഇറാൻ ഭീഷണി മുഴക്കിയിട്ടുണ്ട്.

# നെതന്യാഹുവിൻെറ രാജിക്കായി ഇസ്രേലി ജനത തെരുവിൽ

ടെൽ അവീവ്: ഗാസാ യുദ്ധം ആറു മാസം പിന്നിട്ട ഇന്നലെ ഇസ്രേലി ജനത ബന്ദികളുടെ മോചനം ആവശ്യപ്പെട്ട് പ്രധാനമന്ത്രി നെതന്യാഹുവിനെതിരേ രാജ്യമൊട്ടാകെ പടുകൂറ്റൻ റാലികൾ നടത്തി. പലസ്തീൻ ഭീകരരുടെ കസ്റ്റഡിയിലുണ്ടായിരുന്ന ഇലാദ് കാറ്റ്സിർ എന്ന ബന്ദിയുടെ മൃതദേഹം ശനിയാഴ്ച ഇസ്രേലി സേന കണ്ടെടുത്തതാണു ജനത്തെ പ്രകോപിപ്പിച്ചത്.

ടെൽ അവീലെ റാലിയിൽ മാത്രം ഒരു ലക്ഷം പേർ പങ്കെടുത്തുവെന്നാണു റിപ്പോർട്ട്. ജറൂസലെം അടക്കമുള്ള മറ്റു നഗരങ്ങളിൽ അര ലക്ഷത്തിനടുത്തു പങ്കാളിത്തമുണ്ടായി. ‘തെരഞ്ഞെടുപ്പ് വേണം; ഇലാദ്, ഞങ്ങളോട് ക്ഷമിക്കൂ‘ തുടങ്ങിയ മുദ്രാവാക്യങ്ങൾ മുഴങ്ങി.

ബന്ദിമോചനം വൈകുന്തോറും നെതന്യാഹുവിൻറെ രാജിക്കായി ഇസ്രയേലിൽ മുറവിളി ശക്തമാവുകയാണ്.

ഇന്നലെ, ഗാസയിൽ കസ്റ്റഡിയിലുള്ള നൂറിലധികം ബന്ദികളുടെ ബന്ധുക്കൾക്കൊപ്പം സർക്കാർ വിരുദ്ധ പ്രക്ഷോഭകരും അണിചേരുകയായിരുന്നു. ടെൽ അവീവിൽ പ്രതിഷേധക്കാരെ പോലീസ് ബലം പ്രയോഗിച്ചാണു പിരിച്ചുവിട്ടത്. ടെൽ അവീവിൽ പ്രതിഷേധക്കാർക്കിടയിലേക്കു കാർ ഇടിച്ചുകയറി അഞ്ചു പേർക്കു പരിക്കേറ്റു. കാർ ഡ്രൈവറെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

ഒക്ടോബർ ഏഴിന് തെക്കൻ ഇസ്രയേലിലുണ്ടായ ഭീകരാക്രമണത്തിനിടെ തട്ടിക്കൊണ്ടു പോകപ്പെട്ട ഇലാദ് കാറ്റ്സിറിൻറെ മൃതദേഹം ഗാസയിലെ ഖാൻ യൂനിസിൽനിന്നാണു കണ്ടെടുത്തത്. ഇസ്ലാമിക് ജിഹാദ് ഭീകരരുടെ കസ്റ്റഡിയിലാണ് ഇദ്ദേഹം മരിച്ചത്. ഇദ്ദേഹം ജീവനോടെയിരിക്കുന്ന വീഡിയോ ജനുവരിയിൽ പുറത്തുവന്നിരുന്നു. ഇസ്രേലി സർക്കാർ ബന്ദിമോചനത്തിനു ധാരണ ഉണ്ടാക്കിയിരുന്നെങ്കിൽ ഇലാദ് ജീവനോടെ ഉണ്ടാകുമായിരുന്നുവെന്നു കുടുംബം കുറ്റപ്പെടുത്തി.

ഇതിനിടെ, വെടിനിർത്തലിനായി ഈജിപ്ഷ്യൻ തലസ്ഥാനമായ കയ്റോയിൽ ഇന്നലെ വീണ്ടും ചർച്ച ആരംഭിച്ചതായാണു റിപ്പോർട്ട്. യുഎസ് ചാരസംഘടനയായ സിഐഎയുടെ ഡയറക്ടർ ബിൽ ബേൺസും ഖത്തർ പ്രധാനമന്ത്രി മുഹമ്മദ് ബിൻ അബ്ദുൾറഹ്മാൻ അൽ താനിയും ഇസ്രയേൽ, ഹമാസ് പ്രതിനിധികളും പങ്കെടുത്തേക്കും.

# നഗ്ന ചിത്രം പകർത്തി ഭീഷണിപ്പെടുത്തി; പണം തട്ടിയെടുത്തു: പരാതിയുമായി യുവതി

നാഗ്പുർ: എയർഫോഴ്സ് ഉദ്യോസ്ഥനെന്ന വ്യാജേന സൗഹൃദം സ്ഥാപിച്ച് യുവാവ് പണം തട്ടിയെടുക്കുകയും നഗ്ന ചിത്രങ്ങൾ പകർത്തുകയും ചെയ്തെന്ന പരാതിയുമായി യുവതി. മഹാരാഷ്ട്രയിലെ നാഗ്പൂരിലാണ് സംഭവം.

36കാരിയായ യുവതിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ്, ശ്യാം സുപത്കർ എന്നയാൾക്കെതിരെ ബലാത്സംഗം, പണം തട്ടിയെടുക്കൽ തുടങ്ങിയ കുറ്റങ്ങൾക്ക് കേസെടുത്തു. ശ്യാം വർമ എന്ന പേരിൽ വ്യാജ പ്രൊഫൈൽ ഉണ്ടാക്കിയ പ്രതിയെ നാല് വർഷം മുമ്പ് ഫേസ്ബുക്കിൽ കൂടിയാണ് പരിചയപ്പെട്ടതെന്ന് യുവതി പോലീസിനോട് പറഞ്ഞു.

താനൊരു ഇന്ത്യൻ എയർഫോഴ്സ് ഉദ്യോഗസ്ഥനാണെന്നും താൻ നാഗ്പൂരിലാണ് താമസിക്കുന്നതെന്നും ഇയാൾ അവകാശപ്പെട്ടു. ഒടുവിൽ കണ്ടുമുട്ടാൻ ഇരുവരും തീരുമാനിച്ചു. കൂടിക്കാഴ്ചയ്ക്കിടെ, സുപത്കർ യുവതിക്ക് മയക്കുമരുന്ന് കലർത്തിയ പാനീയം നൽകി, അവളെ ബോധരഹിതയാക്കി. തുടർന്ന് നഗ്ന ചിത്രം പകർത്തുകയായിരുന്നുവെന്ന് യുവതി പരാതിയിൽ പറയുന്നു.

തൻറെ ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ ഫോട്ടോകളും വീഡിയോകളും സോഷ്യൽ മീഡിയയിൽ പുറത്തുവിടുമെന്ന് സുപത്കർ ഭീഷണിപ്പെടുത്തിയതായി അജ്നി പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥൻ പറഞ്ഞു. തുടർന്ന് നാല് ലക്ഷം രൂപയും സ്വർണവും വെള്ളി ആഭരണങ്ങളും പ്രതി തട്ടിയെടുത്തു.

ഇയാൾ വ്യോമസേനാ ഉദ്യോഗസ്ഥനല്ലെന്ന് മനസിലാക്കിയ യുവതി പോലീസിനെ സമീപിക്കുകയായിരുന്നു. ഇയാളെ ഉടൻ പിടികൂടുമെന്ന് പോലസ് അറിയിച്ചു.

# പൊള്ളലേറ്റു മരിച്ച യുവതിക്കു പിന്നാലെ മകളും മരിച്ചു; മറ്റൊരു മകൾ ചികിത്സയിൽ

പട്ടാമ്പി (പാലക്കാട്): വല്ലപ്പുഴയിൽ ഭർത്താവിൻറെ വീട്ടിലെ കിടപ്പുമുറിയിൽ പൊള്ളലേറ്റു മരിച്ച യുവതിയുടെ മകളും മരണത്തിനു കീഴടങ്ങി. തിവല്ലപ്പുഴ ചെറുകോട് സ്വദേശിനി ബീനയുടെ (30) മകൾ നിഖ (12) ആണ് മരിച്ചത്. തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് മരിച്ചത്. മറ്റൊരു മകൾ നിവേദയും (എട്ട്) ചികിത്സയിലുണ്ട്.

ഞായറാഴ്ച പുലർച്ചെയാണ് ബീനയെയും മക്കളെയും പൊള്ളലേറ്റ നിലയിൽ കണ്ടെത്തിയത്. തുടർന്ന് തൃശൂർ മെഡിക്കൽ കോളജിൽ പ്രവേശിപ്പിക്കുകയായിരുന്നു. ബീനയുടെ ഭർത്താവ് പ്രദീപ് മരപ്പണി ജോലിയുടെ ഭാഗമായി വടകരയിലായിരുന്നു. രണ്ടുമാസത്തിലൊരിക്കലാണ് പ്രദീപ് നാട്ടിലെത്താറുള്ളത്.

ഭർത്താവുമായി ഫോണിൽ സംസാരിച്ച് വഴക്കുണ്ടാക്കിയശേഷം മക്കൾക്കൊപ്പം ബീന തീകൊളുത്തിയെന്നാണ് പട്ടാമ്പി പോലീസിന് ലഭിച്ചിരിക്കുന്ന വിവരം. വീട്ടിൽ ഭർത്താവിൻറെ മാതാപിതാക്കൾക്കൊ!പ്പമാണു ബീനയും മക്കളും താമസിക്കുന്നത്. ഓടിട്ട വീടിൻറെ മുകളിലെ മുറിയിലാണു ബീനയും കുട്ടികളും കിടന്നിരുന്നത്.

കുട്ടികളുടെ കരച്ചിൽ കേട്ടു വീട്ടുകാർ ഉണർന്നപ്പോൾ മുറിയിൽ തീയുയരുന്നത് കണ്ടു. തുടർന്നു നാട്ടുകാരുടെ സഹായത്തോടെ മുറി തുറന്ന് തീയണച്ച ശേഷം മൂന്നു പേരെയും ആശുപത്രിയിലെത്തിക്കുകയായിരുന്നു. ആത്മഹത്യയുടെ കാരണം സംബന്ധിച്ച് വിശദമായി അന്വേഷിക്കുമെന്ന് പട്ടാമ്പി പോലീസ് അറിയിച്ചു.

# കുടിയേറ്റം നിയന്ത്രിക്കാൻ നടപടികളുമായി ന്യൂസിലൻഡ്

വെല്ലിംഗ്ടൺ: ഓസ്ട്രേലിയയ്ക്കു പിന്നാലെ കുടിയേറ്റം നിയന്ത്രിക്കാനൊരുങ്ങി ന്യൂസിലൻഡും. കുടിയേറ്റം നിയന്ത്രിക്കുന്നതിൻറെ ഭാഗമായി വീസ നിയമങ്ങൾ അടിയന്തരമായി പരിഷ്കരിക്കാനാണു തീരുമാനം.

കുറഞ്ഞ വൈദഗ്ധ്യമുള്ള ജോലികൾക്ക് ഇംഗ്ലീഷ് ഭാഷ നിർബന്ധമാക്കുക, തൊഴിൽ വീസകൾക്ക് മിനിമം വൈദഗ്ധ്യവും തൊഴിൽ പരിചയ പരിധിയും നിശ്ചയിക്കുക, കുറഞ്ഞ വൈദഗ്ധ്യമുള്ള കുടിയേറ്റക്കാർക്ക് സ്ഥിരമായി താമസിക്കുന്നതിനുള്ള പരിധി നിലവിലെ അഞ്ചു വർഷത്തിൽനിന്ന് മൂന്നു വർഷമായി കുറയ്ക്കുക തുടങ്ങിയ പരിഷ്കാരങ്ങളാണു നടപ്പിലാക്കുന്നത്.

ഉയർന്ന വൈദഗ്ധ്യമുള്ള കുടിയേറ്റക്കാരെ ആകർഷിക്കുന്നതിലും നിലനിർത്തുന്നതിലുമാണ് സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് ഇമിഗ്രേഷൻ മന്ത്രി എറിക്ക സ്റ്റാൻഫോർഡ് പ്രസ്താവനയിൽ പറഞ്ഞു.

രാജ്യത്തു സെക്കൻഡറി അധ്യാപകർക്കു ക്ഷാമം നേരിടുന്നതിനാൽ അവരെ നിയമിക്കുമെന്ന പരോക്ഷ സൂചനയും മന്ത്രി നൽകി. കഴിഞ്ഞ വർഷം രാജ്യത്തേക്ക് കുടിയേറിയത് 1,73,000 വിദേശികളാണെന്നും ഇത്തരത്തിലുള്ള കുടിയേറ്റം തുടരുന്നത് രാജ്യത്തിന് ഉൾക്കൊള്ളാനാകില്ലെന്നും മന്ത്രി വ്യക്തമാക്കി. 5.1 ദശലക്ഷം ജനസംഖ്യയുള്ള ന്യൂസിലൻഡിൽ കോവിഡിനു ശേഷമാണ് കുടിയേറ്റം വർധിച്ചുതുടങ്ങിയത്.

# കെ. കവിതയ്ക്ക് തിരിച്ചടി: മദ്യനയ അഴിമതിക്കേസിൽ ഇടക്കാല ജാമ്യാപേക്ഷ തള്ളി

ന്യൂഡൽഹി: മദ്യനയ അഴിമതിക്കേസിൽ ബിആർഎസ് നേതാവും തെലുങ്കാന മുൻ മുഖ്യമന്ത്രി കെ. ചന്ദ്രശേഖര റാവുവിൻറെ മകളുമായ കെ. കവിതയുടെ ഇടക്കാല ജാമ്യാപേക്ഷ തള്ളി കോടതി. ഡൽഹി റോസ് അവന്യൂ കോടതിയാണ് ജാമ്യാപേക്ഷ തള്ളിയത്.

മകൻറെ പരീക്ഷ അടക്കം ചൂണ്ടിക്കാട്ടിയാണ് കവിത കോടതിയെ സമീപിച്ചത്. കേസ് രാഷ്ട്രീയപ്രേരിതവും കെട്ടിച്ചമച്ചതുമാണെന്ന് കവിതയ്ക്ക് വേണ്ടി അഭിഭാഷകൻ വാദിച്ചിരുന്നു. എന്നാൽ, തങ്ങൾ അന്വേഷണത്തിൻറെ നിർണായക ഘട്ടത്തിലാണെന്നും ഈ സമയത്ത് ഇടക്കാല ജാമ്യം അനുവദിക്കുന്നത് അന്വേഷണത്തെ ബാധിക്കുമെന്ന് ഇഡി വാദിച്ചു. കേസിൽ വാദം പൂർത്തിയായതോടെ വിധി പറയാനായി ഇന്നത്തേക്ക് മാറ്റുകയായിരുന്നു.

ഡൽഹി മദ്യനയത്തിൻറെ പ്രയോജനം ലഭിക്കാൻ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്!രിവാളുമായും ആം ആദ്!മി പാർട്ടി (എഎപി) നേതാവ് മനീഷ് സിസോദിയയുമായും കവിത ഗൂ!ഢാലോചന നടത്തിയെന്നും പകരമായി നേതാക്കൾക്കു 100 കോടി കൈമാറിയെന്നുമാണ് ഇഡി വെളിപ്പെടുത്തിയത്.

# സബ് ഡിവിഷണൽ മജിസ്ട്രേറ്റിനെ കാറിടിപ്പിച്ച് അപായപ്പെടുത്താൻ ശ്രമം

അമൃതസർ: അനധികൃത ഖനന പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ പട്രോളിംഗ് നടത്തിയ സബ് ഡിവിഷണൽ മജിസ്ട്രേറ്റിനെ കാറിടിപ്പിച്ച് അപായപ്പെടുത്താൻ ശ്രമം. പഞ്ചാബിലെ നാരെൻഗർഹ് പ്രദേശത്താണ് സംഭവം.

മാർച്ച് 28 പുലർച്ചെ ഒന്നോടെ നാരായൻഗർ സബ് ഡിവിഷണൽ മജിസ്ട്രേറ്റിൻറെ കാറിൽ മനഃപൂർവം മറ്റൊരു വാഹനം ഇടിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. അമിതവേഗതയിലായിരുന്നു വാഹനം.

എസ്ഡിഎം യാഷ് ജാലുകയും അദ്ദേഹത്തിൻറെ സെക്യൂരിറ്റി ഗാർഡും ഡ്രൈവറും ഉൾപ്പെടെ മൂന്ന് പേരായിരുന്നു കാറിൽ ഉണ്ടായിരുന്നത്.

എസ്യുവിയിലുണ്ടായിരുന്നവർ സംഭവസ്ഥലത്ത് നിന്ന് ഓടി രക്ഷപ്പെട്ടു. ഇവർ ഖനന മാഫിയയുമായി ബന്ധമുള്ളവരാണെന്നാണ് സംശയിക്കുന്നത്.

എസ്ഡിഎമ്മിൻറെ സെക്യൂരിറ്റി ഗാർഡിൻറെ പരാതിയിൽ, വാഹനത്തിൻറെ ഉടമയ്ക്കും ഡ്രൈവർക്കുമെതിരെ സർക്കാർ ജോലി തടസപ്പെടുത്തൽ, കൊലപാതകശ്രമം എന്നിവ ഉൾപ്പെടെ വിവിധ ഐപിസി വകുപ്പുകൾ പ്രകാരം നാരായൺഗർഹ് പോലീസ് ഏപ്രിൽ ആറിന് കേസെടുത്തു.

നരൈൻഗർഹ് പ്രദേശത്തെ നദികളിലെ അനധികൃത ഖനനം തടയുന്നതിനായി അടുത്തിടെ ഇത്തരത്തിലുള്ള രണ്ട് പരിശോധനകളും റെയ്ഡുകളും നടത്തിയിരുന്നു.

ഏകദേശം രണ്ട് വർഷം മുമ്പ്, നുഹ് ജില്ലയിൽ അനധികൃത കല്ല് ഖനനത്തിനെതിരെ നടത്തിയ റെയ്ഡിനിടെ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് റാങ്കിലുള്ള ഓഫീസർ സുരേന്ദർ സിംഗിനെ ഒരു ഡമ്പർ ട്രക്ക് ഇടിച്ചു തെറിപ്പിച്ചിരുന്നു.

ഒരു വർഷം മുമ്പ്, ഖനന മാഫിയയിലെ ചില അംഗങ്ങൾ പാനിപ്പത്തിലെ ബാപോളി മേഖലയിൽ പോലീസ് സംഘത്തെ ആക്രമിച്ചിരുന്നു.

# റഷ്യൻ അനുകൂലി പീറ്റർ പെല്ലഗ്രിനി സ്ലൊവാക്യൻ പ്രസിഡൻറ്

ബ്രാറ്റിസ്ലാവ: റഷ്യൻ അനുകൂലിയായ പീറ്റർ പെല്ലഗ്രിനി സ്ലൊവാക്യൻ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു. പാശ്ചാത്യ അനുകൂലിയായ ഇവാൻ കോർചോക്കിനെയാണു പരാജയപ്പെടുത്തിയത്. പെല്ലഗ്രിനിക്ക് 53 ശതമാനം വോട്ടുകൾ ലഭിച്ചു. ഇപ്പോഴത്തെ പ്രസിഡൻറ് സുസാന കാപുറ്റോവ ജൂണിലാണു പദവിയൊഴിയുന്നത്. ഇതോടെ യൂറോപ്യൻ യൂണിയനിലും നാറ്റോയിലും യുക്രെയ്നെ പിന്തുണയ്ക്കുന്ന ഒരു ശബ്ദംകൂടി ഇല്ലാതാകും.

മുൻ പ്രധാനമന്ത്രിയായ പീറ്റർ പെല്ലഗ്രിനി ഇപ്പോഴത്തെ പ്രധാനമന്ത്രിയും റഷ്യന് അനുകൂലിയുമായ റോബെർട്ട് ഫിസോയുടെ സഖ്യകക്ഷിയാണ്. ഒക്ടോബറിൽ ഫിസോ അധികാരത്തിലേറും വരെ യുക്രെയ്നെ ഏറ്റവും കൂടുതൽ പിന്തുണച്ചിരുന്ന രാജ്യങ്ങളിലൊന്നായിരുന്നു സ്ലൊവാക്യ. റഷ്യയെ നേരിടാനായി യുക്രെയ്ന് സ്ലൊവാക്യ മിഗ്29 യുദ്ധവിമാനങ്ങൾ നല്കിയിരുന്നു.

പെല്ലഗ്രിനിയും ഫിസോയും യുക്രെയ്ന് ആയുധം നല്കുന്നതിനെ എതിർക്കുന്നവരാണ്. യുക്രെയ്ൻ ഉടൻ യുദ്ധം നിർത്തി മോസ്കോയുമായി സമാധാനചർച്ച നടത്തണമെന്നാണ് ഇവർ ആവശ്യപ്പെടുന്നത്.

# യുഎസ് സെനറ്റർ ബെർണി സാൻഡേഴ്സിൻെറ ഓഫീസ് വാതിലിന് തീയിട്ടയാൾ അറസ്റ്റിൽ

വെർമോണ്ട്: സെനറ്റർ ബെർണി സാൻഡേഴ്സിൻറെ വെർമോണ്ടിലെ ബർലിംഗ്ടണിലുള്ള ഓഫീസ് വാതിലിന് തീയിട്ട ആളെ അറസ്റ്റ് ചെയ്തു. യുഎസ് അറ്റോർണി ഓഫീസ് ആണ് ഇക്കാര്യം അറിയിച്ചത്.

35 കാരനായ ശാന്ത് സോഗോമോണിയൻ ആണ് പിടിയിലായത്. കെട്ടിടത്തിൻറെ മൂന്നാം നിലയിലുള്ള സാൻഡേഴ്സിൻറെ ഓഫീസിലേക്ക് പോയ ഇയാൾ, വാതിലിനു സമീപം ഒരു ദ്രാവകം തളിക്കുന്നതും കത്തിക്കുന്നതും സുരക്ഷാ കാമറകളിൽ പതിഞ്ഞതായി യുഎസ് അറ്റോർണി ഓഫീസ് അറിയിച്ചു. ഓഫീസിനുള്ളിൽ നിരവധി ആളുകൾ ഉണ്ടായിരുന്നെങ്കിലും ആർക്കും പരിക്കില്ല. വാതിലിനും മറ്റും തീപിടുത്തത്തിൽ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്ന് യുഎസ് അറ്റോർണി ഓഫീസ് അറിയിച്ചു.

സോഗോമോണിയന് ഒരു അഭിഭാഷകനുണ്ടോ എന്ന് പെട്ടെന്ന് വ്യക്തമല്ല, അഭിപ്രായത്തിനായി അദ്ദേഹത്തെ ബന്ധപ്പെടാൻ കഴിഞ്ഞില്ല.

വടക്കുകിഴക്കൻ സംസ്ഥാനമായ വെർമോണ്ടിനെ പ്രതിനിധീകരിച്ച് യുഎസ് സെനറ്റിൽ ദീർഘകാലം സേവനമനുഷ്ഠിക്കുന്ന സ്വതന്ത്രനാണ് സാൻഡേഴ്സ്.

# നാലുകോടി പിടിച്ച സംഭവം യാതൊരു ബന്ധവുമില്ലെന്ന് ബിജെപി സ്ഥാനാർഥി പ്രതികരിച്ചിട്ടുണ്ട്: കെ. അണ്ണാമലൈ

ചെന്നൈ: ബിജെപി സ്ഥാനാർഥി നൈനാർ നാഗേന്ദ്രൻറെ വിശ്വസ്തൻറെ കയിൽനിന്ന് നാലു കോടി പിടികൂടിയ സംഭവത്തിൽ പ്രതികരണവുമായി തമിഴ്നാട് ബിജെപി അധ്യക്ഷൻ കെ. അണ്ണാമലൈ. പണവുമായി യാതൊരു ബന്ധവുമില്ലെന്ന് ബിജെപി സ്ഥാനാർഥി പ്രതികരിച്ചിട്ടുണ്ടെന്ന് അണ്ണാമലൈ വ്യക്തമാക്കി.

സംഭവത്തിൽ അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കണമെന്നും അണ്ണാമലൈ ആവശ്യപ്പെട്ടു. വിഷയം ദേശീയ തലത്തിൽ വലിയ ചർച്ചയായതിന് പിന്നാലെയാണ് അണ്ണാമലൈയുടെ പ്രതികരണം.

ബിജെപി സ്ഥാനാർഥിയുടെ വിശ്വസ്തൻറെ പക്കൽനിന്നും ട്രെയിനിൽവച്ചാണ് പണം പിടികൂടിയത്. ബിജെപി അധ്യക്ഷൻ ജെ. പി. നദ്ദ സംസ്ഥാനത്ത് എത്തിയ ദിവസമാണ് നാലു കോടി രൂപ പിടികൂടിയതെന്നതും വലിയ ആക്ഷേപത്തിനിടയാക്കിയിരുന്നു.

# ഇസ്രയേൽ എംബസികൾ സുരക്ഷിതമല്ലെന്ന് ഇറാൻ

ടെഹ്റാൻ: ഇസ്രയേൽ എംബസികളൊന്നും സുരക്ഷിതമല്ലെന്ന് ഇറാൻ പരമോന്നത നേതാവ് ആയത്തുള്ള ഖമേനിയുടെ ഉന്നത സൈനിക ഉപദേഷ്ടാവിന്റെ മുന്നറിയിപ്പ്. സിറിയയിലെ ഇറാൻ കോൺസുലേറ്റിനു നേരയുണ്ടായ ആക്രമണത്തിന് തിരിച്ചടി നൽകുമെന്നും ജനറൽ യഹ്!യ റഹീം സഫാവി ആവർത്തിച്ചു. പ്രതിരോധ സേന തയ്യാറാണെന്നും എന്തു സംഭവിക്കുമെന്ന് കാത്തിരുന്നു കാണണമെന്നും സഫാവി പറഞ്ഞു. ഒന്നിലധികം ഇസ്രയേൽ എംബസികൾ അടച്ചുപൂട്ടിയതായും അദ്ദേഹം കൂട്ടിച്ചേർത്തു. ഇറാൻ റെവല്യൂഷണറി ഗാർഡ്സ് ഖുദ്സ് ഫോഴ്സ് കമാൻഡർ മുഹമ്മദ് റെസ സഹേദി ഉൾപ്പെടം 16 പേർ കൊല്ലപ്പെട്ട് കോൺസുലേറ്റ് ആക്രമണത്തിന് ഇസ്രയേലിന് തിരിച്ചടി നൽകുമെന്ന് ഇറാൻ സർക്കാരും പ്രതിരോധ സേനയും പ്രഖ്യാപിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് എംബസികൾക്ക് നേരെയും ആക്രമണമുണ്ടായേക്കുമെന്ന് സൈനിക ഉപദേഷ്ടാവ് സൂചന നൽകിയത്. ഇറാന്റെ ആക്രമണം ഒഴിവാക്കാൻ സാധിക്കുന്നതല്ലെന്നാണ് അമേരിക്കൻ ഉദ്യോഗസ്ഥരും ഇസ്രയേൽ പ്രതിനിധികളും പറയുന്നത്. ഇസ്രയേലുമായുള്ള സംഘർഷത്തിൽ നിന്ന് വിട്ടുനിൽക്കാൻ യുഎസിനും മുന്നറിയിപ്പ് നൽകിയിരുന്നു. ഇസ്രയേലുമായി യുദ്ധത്തിന് തയ്യാറാണെന്ന് ഹിസ്ബുള്ളയും പ്രഖ്യാപിച്ചതോടെ പശ്ചിമേഷ്യ ഗുരുതരമായ സംഘർഷാവസ്ഥയിലേക്കാണ് നീങ്ങുന്നത്. ഇസ്രയേലിനെ ഇറാൻ നേരിട്ട് ആക്രമിക്കുന്ന സാഹചര്യം ഭീകരമായ തിരിച്ചടിയാണെന്ന നിലയിലാണ് അമേരിക്കയും വിലയിരുത്തുന്നത്.

# വെടിനിർത്തൽ ചർച്ചകൾ പുനരാരംഭിച്ചു

കെയ്റോ: ഗാസയിലെ വെടിനിർത്തൽ സംബന്ധിച്ച കരാർ ചർച്ചകൾ ഈജിപ്ത് തലസ്ഥാനമായ കെയ്റോയിൽ പുനരാരംഭിച്ചു. യുഎസ് രഹസ്യാന്വേഷണ ഏജൻസി തലവൻ ബിൽ ബേൺസ്, ഖത്തർ പ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ മുഹമ്മദ് ബിൻ അബ്ദുൾ റഹ്!മാൻ, ഇസ്രയേൽ പ്രതിനിധി എന്നിവരാണ് ചർച്ചയിൽ പങ്കെടുത്തത്.ഹമാസിന്റെ മുതിർന്ന പ്രതിനിധി സംഘവും ഈജിപ്തിന്റെ ക്ഷണപ്രകാരം കെയ്റോയിലെത്തിയെന്നാണ് റിപ്പോർട്ടുകൾ. ഗാസയിൽ സമ്പൂർണ വെടിനിർത്തലും ഇസ്രായേൽ സൈന്യത്തെ പിൻവലിക്കലുമാണ് തങ്ങളുടെ പ്രധാന ആവശ്യങ്ങളെന്ന് ചർച്ചകൾക്ക് മുന്നോടിയായി ഹമാസ് സ്ഥിരീകരിച്ചു. വെടിനിർത്തൽ ചർച്ചകൾ പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് യുഎസ് പ്രസിഡന്റ് ജോ ബൈഡൻ ഈജിപ്ഷ്യൻ പ്രസിഡന്റ് അബ്ദുൾ ഫത്താഹ് അൽ സിസി, ഖത്തർ അമീർ തമീം ബിൻ ഹമദ് അൽത്താനി എന്നിവർക്ക് കത്തയച്ചിരുന്നു.

വടക്കൻ ഗാസയിലേക്ക് മടങ്ങാൻ പലസ്തീനികളെ അനുവദിക്കുന്നത് വെടിനിർത്തൽ ചർച്ചകളിൽ പ്രധാന വ്യവസ്ഥയായി ഉൾപ്പെടുത്തിയിട്ടുണ്ട്. പലസ്തീനികളെ വടക്കൻ ഗാസയിലേക്ക് മടങ്ങാൻ അനുവദിക്കണമെന്ന് ബൈഡൻ നെതന്യാഹുവിനോട് ആവശ്യപ്പെട്ടിരുന്നതായി വാൾ സ്ട്രീറ്റ് ജേണൽ റിപ്പോർട്ട് ചെയ്തിരുന്നു. ആറാഴ്ചത്തെ വെടിനിർത്തൽ പ്രാബല്യത്തിൽ വന്നാൽ പത്ത് മുതൽ 14 ദിവസങ്ങൾക്കുള്ളിൽ വടക്കൻ മേഖലയിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ടവരെ തിരികെ കൊണ്ടുവരാൻ കഴിയുമെന്ന് അറബ് ഉദ്യോഗസ്ഥർ പറഞ്ഞു.





# മോഹൻലാൽ ചിത്രം 'എൽ 360' ഏപ്രിലിൽ ആരംഭിക്കുമെന്ന് സംവിധായകൻ തരുൺ മൂർത്തി

മോഹൻലാലിനെ കേന്ദ്ര കഥാപാത്രമാകുന്ന 'എൽ 360' എന്ന ചിത്രം ഏപ്രിലിൽ ആരംഭിക്കുമെന്ന് തരുൺ മൂർത്തി. വളരെ വേഗം ചിത്രീകരിക്കാൻ കഴിയുന്ന സിനിമയല്ല കാഴ്ചയിലും വിഷയത്തിലും വലിപ്പമുള്ള സിനിമയാണ്. എന്നാൽ ഈ വർഷം തന്നെ റിലീസിനായി ശ്രമിക്കുമെന്നും തരുൺ പറഞ്ഞു. വിഷുവിന് സിനിമ തുടങ്ങും. ഇപ്പോൾ സിനിമയുടെ ഭാഗമായുള്ള എല്ലാ ആളുകളും അതിനുവേണ്ടിയുള്ള തയാറെടുപ്പുകളിലാണ്. വളരെ വേഗം ചിത്രീകരിക്കാൻ കഴിയുന്ന സിനിമയല്ല. രണ്ട്രണ്ടര മാസം ചിത്രീകരണത്തിന് ആവശ്യമായി വരും. കാഴ്ചയിലും വിഷയത്തിലും വലിപ്പമുള്ള സിനിമയാണിത്. 2024ൽ തന്നെ തിയേറ്ററിൽ എത്തിക്കാനാണ് ശ്രമിക്കുന്നത്. ഏറ്റവും നല്ല രീതിയിൽ മാത്രമേ പ്രേക്ഷകരിലേക്ക് സിനിമ എത്തിക്കൂ, തരുൺ മൂർത്തി വ്യക്തമാക്കി.

സൗദി വെള്ളക്കയ്ക്ക് ശേഷം തരുൺ സംവിധാനം ചെയ്യുന്ന മോഹൻലാൽ ചിത്രമാണ് എൽ 360. പത്തനംതിട്ട ജില്ലയിലെ റാന്നിയിലെ ഒരു സാധാരണക്കാരനായ ടാക്സി ഡ്രൈവറിന്റെ കഥാപാത്രത്തെയാണ് മോഹൻലാൽ അവതരിപ്പിക്കുന്നത്. സാധാരണ മനുഷ്യരുടേയും അവരുടെ ജീവിതത്തേയും പ്രധാനമായും ഫോക്കസ് ചെയ്യുന്ന ഒരു ചിത്രമായിരിക്കുമെന്നാണ് സൂചന. വലിയ ഇടവേളക്കു ശേഷമാണ് ഇത്തരമൊരു റിയലിസ്റ്റിക്ക് കഥാപാത്രത്തെ മോഹൻലാൽ അവതരിപ്പിക്കുന്നത്. ഒരിടത്തരം ഗ്രാമത്തിന്റെ ഉൾത്തുടിപ്പുകൾ കോർത്തിണക്കിയാണ് ഈ ചിത്രത്തിന്റെ അവതരണം.

മോഹൻലാലിന്റെ 360ാം ചിത്രത്തിന് തിരക്കഥയൊരുക്കുന്നത് തരുണും കെ ആർ സുനിലും ചേർന്നാണ്. നിരവധി അന്താരാഷ്ട്ര ആർട്ട് ഫെസ്റ്റിവലുകളിൽ ഫോട്ടോഗ്രാഫിക് ഷോ അവതരിപ്പിച്ച ആർട്ടിസ്റ്റും പ്രമുഖ ദിനപത്രങ്ങളിലും മാഗസിനുകളിലും ഫീച്ചറുകൾ എഴുതുന്ന എഴുത്തുകാരനുമാണ് കെ ആർ സുനിൽ. സിനിമയിലെ മറ്റ് അഭിനേതാക്കളുടെ നിർണ്ണയം പൂർത്തിയായി വരികയാണ്.

# അനൂപ് മേനോൻ, ധ്യാൻ ശ്രീനിവാസൻ കൂട്ടുക്കെട്ടിൽ ഹ്യൂമറിന് പ്രാധാന്യം നൽകി കൊണ്ടുള്ള 'ഇടീം മിന്നലും' വരുന്നു





അനൂപ് മേനോൻ, ധ്യാൻ ശ്രീനിവാസൻ, ഷീലു എബ്രഹാം എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി മനോജ് പാലോടൻ സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ ടൈറ്റിൽ മോഷൻ പോസ്റ്റർ റിലീസായി. 'ഇടീം മിന്നലും' എന്ന് പേരിട്ടിരിക്കുന്ന ചിത്രം അബാം മൂവീസിന്റെ ബാനറിൽ ഷീലു എബ്രഹാം അവതരിപ്പിച്ച് എബ്രഹാം മാത്യുവാണ് നിർമ്മിക്കുന്നത്. അബാം മൂവിസിന്റെ പതിനാലാമത് ചിത്രമാണിത്.

നാളുകൾക്ക് ശേഷം കൃഷ്ണ പൂജപ്പുരയുടെ തിരക്കഥയിൽ എത്തുന്ന ചിത്രമാണെന്ന പ്രത്യേകതയും സിനിമക്കുണ്ട്. കെ ഹരിനാരായണന്റെ വരികൾക്ക് സംഗീതം ഒരുക്കിയിരിക്കുന്നത് കേരള സംഗീത നാടക അക്കാഡമി അവാർഡ് ജേതാവ്കൂടിയായ പ്രകാശ് ഉള്ളേരിയാണ്. ഹരിഹരൻ, ശങ്കർ മഹാദേവൻ എന്നിവരാണ് ചിത്രത്തിൽ പാടിയിരിക്കുന്നത്.

കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരും, അവരെ ചുറ്റിപ്പറ്റിയുമുള്ള ചിത്രത്തിൽ അസീസ് നെടുമങ്ങാട്, സിദ്ദീഖ്, സെന്തിൽ, സജിൻ ചെറുകയിൽ, സുരേഷ് കൃഷ്ണ, മേജർ രവി, അപർണതി ,എൻ.പി നിസ തുടങ്ങിയവരും പ്രധാന വേഷങ്ങളിലെത്തുന്നു. ഛായാഗ്രഹണം മഹാദേവൻ തമ്പി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ അമീർ കൊച്ചിൻ, എഡിറ്റർ സിയാൻ ശ്രീകാന്ത്, ലൈൻ പ്രൊഡ്യൂസർ ടി.എം റഫീക്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് പ്രജീഷ് പ്രഭാസൻ, കലാസംവിധാനം അജയ് ജി അമ്പലത്തറ, മേക്കപ്പ് ഷാജി പുൽപ്പള്ളി, കോസ്റ്റ്യൂം ഡിസൈനർ അരുൺ മനോഹർ, അസോസിയേറ്റ് ഡയറക്ടർ ഗ്രാഷ് പി.ജി,സുഹൈൽ. എം വി.എഫ്.എക്സ്റോബിൻ അലക്സ്, സ്റ്റിൽസ് ദേവരാജ്, പി.ആർ.ഒ മഞ്ജു ഗോപിനാഥ്, പി. ശിവപ്രസാദ്, വാഴൂർ ജോസ്. ഡിസൈൻസ് മാജിക് മൊമന്റ്സ് എന്നിവരാണ് മറ്റ് അണിയറ പ്രവർത്തകർ. കൊച്ചി, വാഗമൺ എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയായ ഈ ചിത്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.


# കോടികൾ വിലമതിക്കുന്ന വാഹന ശേഖരം, ഉയർന്ന പ്രതിഫലം ഫഹദ് ഫാസിലിന്റെ സ്റ്റാർ വാല്യു ഇങ്ങനെ



കോടികൾ വിലമതിക്കുന്ന വാഹന ശേഖരം, ഉയർന്ന പ്രതിഫലം ഫഹദ് ഫാസിലിന്റെ സ്റ്റാർ വാല്യു ഇങ്ങനെ

മലയാള സിനിമാ പ്രേമികൾ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഫഹദ് ഫാസിൽ ചിത്രമാണ് ആവേശം. എല്ലാ കണ്ണുകളും ഏപ്രിൽ 11ന് പുറത്തിറങ്ങാനിരിക്കുന്ന 'ആവേശ'ത്തിലാണ്. ഇതിനിടെ, ഫഹദിന്റെ പവർ പാക്ക് പെർഫോമൻസിനായി കാത്തിരിക്കുന്ന ആരാധകരെ ഞെട്ടിക്കാൻ അദ്ദേഹത്തിന്റെ വരുമാനം പുറത്തുവരികയാണ്. നടനായും നിർമ്മാതാവായും തെന്നിന്ത്യൻ സിനിമ മേഖലയിൽ തന്റേതായ സാന്നിധ്യമുറപ്പിച്ച ഫഹദ് വളർച്ചയ്ക്കൊപ്പം തന്നെ താരമൂല്യവും ഉയർത്തിയിട്ടുണ്ട്.റിപ്പബ്ലിക്ക് വേൾഡിന്റെ പുതിയ റിപ്പോർട്ടാണ് പുറത്ത് വന്നിരിക്കുന്നത്. ഇതുപ്രകാരം നടന്റെ ആസ്തി 7.14 കോടി രൂപയിലധികമാണ്. ഫഹദ് ഫാസിലിന്റെ ആഡംബര ജീവിതത്തിൽ വാഹനങ്ങൾക്ക് പ്രത്യേക സ്ഥാനമുണ്ട്. കോടികൾ വിലമതിക്കുന്ന വാഹന ശേഖരമാണ് അദ്ദേഹത്തിനുള്ളത്. അതിലൊന്ന് 2.65 കോടി രൂപയുടെ സ്ലീക്ക് പോർഷെ 911 കരേര എസ് ആണ്. ഇത് പൂർണമായും കസ്റ്റമൈസ് ചെയ്തതാണ്.കൂടാതെ, 70 ലക്ഷം രൂപയുടെ മെഴ്സിഡസ് ബെൻസ് ഇ ക്ലാസും 2.35 കോടി വിലമതിക്കുന്ന റേഞ്ച് റോവറും കാർ ശേഖരങ്ങളിലെ തലയെടുപ്പുള്ള മറ്റ് രണ്ട് താരങ്ങളാണ്. സിനിമാ മേഖലയിലെ താരത്തിന്റെ വളർച്ചയ്ക്കൊപ്പം പ്രതിഫലത്തിലും അത് പ്രകടമായിരുന്നു. ആദ്യ സിനിമകളിൽ ഒരു സിനിമയ്ക്ക് 70 ലക്ഷം രൂപ വാങ്ങിയിരുന്ന താരം പിന്നീട് ഇത് 80 ലക്ഷം ആക്കുകയും പുഷ്പയുടെ വിജയത്തോടെ ഇത് 3.5 കോടിയാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട് എന്നാണ് റിപ്പോർട്ടുകൾ.

# 96 ലെ താരജോഡികൾ വീണ്ടും ഒന്നിക്കുന്നു; ചിത്രത്തിന്റെ ഷൂട്ടിംഗ് തുടങ്ങി



ചെന്നൈ: 96 എന്ന ചിത്രത്തിലൂടെ സിനിമ രംഗത്ത് ഏറെ പ്രശംസ നേടിയ താരങ്ങളാണ് ആദിത്യ ഭാസ്കറും ഗൗരി ജി കിഷനും. ഇപ്പോൾ തമിഴിലും മലയാളത്തിലും തിരക്കേറിയ നടിയാണ് ഗൗരി. മലയാളത്തിൽ ഒരു സർക്കാർ ഉത്പന്നം എന്ന ചിത്രത്തിലാണ് അവസാനം ഗൗരി ജി കിഷൻ അഭിനയിച്ചത്.

കഴിഞ്ഞ ദിവസം നടിയുടെ ഒരു കല്ല്യാണ ഫോട്ടോ സോഷ്യൽ മീഡിയയിൽ വൈറലായി. 96 എന്ന ചിത്രത്തിൽ ഗൗരിയുടെ ജോഡിയായ ആദിത്യ ഭാസ്കറുമായി ചേർന്ന് നിൽക്കുന്ന വിവാഹ ചിത്രം ആയിരുന്നു അത്. എന്നാൽ പിന്നാലെ തന്ന അതിന്റെ സസ്പെൻസും പൊളിഞ്ഞു. ഇത് ഒരു ചിത്രത്തിന്റെ ഷൂട്ടിംഗ് പടം ആയിരുന്നു.

വിഘ്നേഷ് കാർത്തി സംവിധാനം ചെയ്യുന്ന ഹോട്ട് സ്പോട്ട് എന്ന തമിഴ് ചിത്രത്തിലെ രംഗങ്ങളായിരുന്നു അത്. .. കലൈയരശൻ, സാൻഡി മാസ്റ്റർ, ജനനി, ആദിത്യ അമ്മു അഭിരാമി തുടങ്ങിയ യുവതാര നിരയാണ് റൊമാന്റിക് കോമഡിയായ ചിത്രത്തിൽ അഭിനയിക്കുന്നത്. സിക്സർ എന്റർടെയ്മെന്റാണ് നിർമ്മാതാക്കൾ. 96 , 2018 പുറത്തിറങ്ങിയ പ്രണയ ചിത്രമായിരുന്നു. വിജയ് സേതുപതി, തൃഷ കൃഷ്ണൻ എന്നിവർ കേന്ദ്രകഥാപാത്രമാക്കി എത്തിയ ചിത്രം സി പ്രേം കുമാറാണ് തിരകഥ എഴുതി സംവിധാനം ചെയ്തത്. ചിത്രത്തിൽ വിജയ് സേതുപതി, തൃഷ എന്നിവരുടെ സ്കൂൾ കാലമാണ് ഗൗരിയും ആദിത്യയും അവതരിപ്പിച്ചത്. ചിത്രം ബോക്സോഫീസിൽ വൻ വിജയമായിരുന്നു

# സുരാജ് വെഞ്ഞാറമൂടും വിനായകനും ഒന്നിക്കുന്ന തെക്ക് വടക്ക് , ചിത്രീകരണം ആരംഭിച്ചു



മലയാള സിനിമയിലെ രണ്ട് അഭിനയ പ്രതിഭകളായ സുരാജ് വെഞ്ഞാറമൂടും വിനായകനും ഒന്നിച്ചഭിനയിക്കുന്ന തെക്ക് വടക്ക് എന്ന ചിത്രത്തിന്റെ ചിത്രീകരണം ഏപ്രിൽ ആറ് ശനിയാഴ്ച പാലക്കാട്ട് ആരംഭിച്ചു.

മുട്ടിക്കുളങ്ങര വാർക്കാട് എന്ന സ്ഥലത്തെ പൗരാണികമായ ഒരു തറവാട്ടിലായിരുന്നു ചിത്രീകരണത്തിനു തുടക്കമിട്ടത്.

പ്രേംശങ്കറാണ് ഈ ചിത്രം സംവിധാനം ചെയ്യുന്നത്.

ഐ എഫ്.എഫ്.കെയിൽ മത്സര വിഭാഗത്തിലെത്തിയ രണ്ടു പേർ എന്ന ചിത്രത്തിന്റെ സംവിധായകനാണ് പ്രേംശങ്കർ.

ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനം ചെയ്ത് ഏറെ ശ്രദ്ധേയമായ ജല്ലിക്കെട്ട്, ചുരുളി, നൻപകൽ നേരത്ത് മയക്കം എന്നീ ചിത്രങ്ങൾക്കു തിരക്കഥ ഒരുക്കിയ എസ്.ഹരീഷ് ആണ് ഈ ചിത്രത്തിന്റെ തിരക്കഥ രചിച്ചിരിക്കുന്നത്.

അദ്ദേഹത്തിന്റെ തന്നെ രാത്രി കാവൽ എന്ന കഥയെ ആസ്പദമാക്കിയാണ് ഈ ചിത്രം.

പേരറിയാത്തവർ എന്ന ചിത്രത്തിലെ അഭിനയത്തിന് മികച്ച നടനുള്ള ദേശീയ പുരസ്ക്കാരത്തിനർഹനായ സുരാജ് വെഞ്ഞാറമൂടും കമ്മട്ടിപ്പാടത്തിലെ അഭിനയത്തിന് സംസ്ഥാന ഗവണ്മെന്റിന്റെ മികച്ച നടനുള്ള പുരസ്ക്കാരം നേടിയ വിനായകനും ഈ ചിത്രത്തിൽ എത്തുന്നത് ശങ്കുണ്ണി എന്ന അരി മിൽ ഉടമയേയും മാധവൻ എന്ന ഇലക്ട്രിസിറ്റി ബോർഡ് എഞ്ചിനിയറിനയറേയും അവതരിപ്പിച്ചാണ്.

ശങ്കുണ്ണിയെ സുരാജും, മാധവനെ വിനായകനും അവതരിപ്പിക്കുന്നു.ഈ അഭിനയ പ്രതിഭകളുടെ സംഗമം ഇരുവരുടേയും അഭിനയ മികവിന്റെ മാറ്റുരക്കൽ കൂടിയാകും.

വൻവിജയം നേടിയ ജയിലറിനു ശേഷം വിനായകൻ അഭിനയിക്കുന്ന ചിത്രം കൂടിയാണിത്. രണ്ട് വ്യക്തികളും അവർക്കിടയിലെ അസാധാരണമായ ബന്ധവുമാണ് നർമ്മത്തിലൂടെയും ഒപ്പം ഹൃദയസ്പർശിയുമായും ഈ ചിത്രത്തിലൂടെ അവതരിപ്പിക്കുന്നത്. അൻജന ഫിലിപ്പിന്റെ ഉടമസ്ഥതയിലുള്ള അഞ്ജനാ ടാക്കീസും പ്രശസ്ത സംവിധായകൻ വി.എ ശ്രീകുമാറിന്റെ ഉടമസ്ഥതയിലുള്ള വാർസ് സ്റ്റുഡിയോസും ചേർന്നാണ് ഈ ചിത്രം നിർമ്മിക്കുന്നത്.

മിന്നൽ മുരളി, ആർ.ഡി.എക്സ് എന്നീ ചിത്രങ്ങളുടെ സഹനിർമ്മാതാവു കൂടിയാണ് അൻജനാ ഫിലിപ്പ് .

മെൽവിൻ ബാബു, ഷമീർ ഖാൻ, കോട്ടയം രമേഷ്,മെറിൻ ജോസ്, വിനീത് വിശ്വം, ബാലൻ പാലക്കൽ, ജയിംസ് പാറക്കൽ തുടങ്ങിയ താരങ്ങളും ഇവർക്കൊപ്പമുണ്ട്.

വിക്രം വേദ, കൈതി, ആർ.ഡി.എക്സ്. തുടങ്ങി നിരവധി ഹിറ്റ് ചിത്രങ്ങൾക്കു സംഗീതമൊരുക്കിയ സാം സി. എസ് ആണ് ഈ ചിത്രത്തിന്റെ സംഗീതം വിഭാഗം കൈകാര്യം ചെയ്യുന്നത്.

ഒടിയൻ സിനിമക്കു ഗാനങ്ങൾ രചിച്ച ലഷ്മി ശ്രീകുമാറാണ് ഈ ചിത്രത്തിലെ ഗാനങ്ങൾ രചിച്ചിരിക്കുന്നത്.അൻവർ റഷീദിന്റെ ബ്രിഡ്ജ്, വലിയ പെരുനാൾ, കിസ്മത്ത് എന്നി ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ സുരേഷ് രാജനാണ് ഛായാഗ്രാഹകൻ.എഡിറ്റിംഗ് കിരൺ ദാസ്.

കലാസംവിധാനം രാഖിൽ.

മേക്കപ്പ് അമൽ ചന്ദ്ര.

കോസ്റ്റ്യൂം ഡിസൈൻ അയിഷ സഫീർ,

കാസ്റ്റിംഗ് ഡയറക്ടർ അബു വളയംകുളം.

ചീഫ് അസ്സോസ്സിയേറ്റ് ഡയക്ടർ ബോസ് വി,

ഫിനാൻഷ്യൽ കൺട്രോളർ അനിൽ ആമ്പല്ലൂർ

പ്രൊഡക്ഷൻ മാനേജർ ധനേഷ് കൃഷ്ണകുമാർ,

പ്രൊഡക്ഷൻ എക്സിക്കുട്ടീവ് ഷെമീജ് കൊയിലാണ്ടിപ്രൊഡക്ഷൻ കൺട്രോളർ സജി ജോസഫ്. നാൽപ്പതുദിവസത്തോളം നീണ്ടുനിൽക്കുന്ന ഒറ്റ ഷെഡ്യൂളിൽ പാലക്കാട്ടും പരിസരങ്ങളിലുമായി ഈ ചിത്രത്തിന്റെ ചിത്രീകരണം പൂർത്തിയാകും.



# ഒരു കട്ടിൽ ഒരു മുറി എന്ന ചിത്രത്തിന്റെ ട്രെയിലർ പുറത്തിറങ്ങി

ഒരു കട്ടിൽ ഒരു മുറി എന്ന ചിത്രത്തിന്റെ ട്രെയിലർ പുറത്തിറങ്ങി. ഷാനവാസ് കെ. ബാവാക്കുട്ടി സംവിധാനം ചെയ്യുന്ന ഒരു കട്ടിൽ ഒരു മുറി എന്ന ചിത്രത്തിന്റെ ട്രെയിലർ പുറത്തിറങ്ങി. പൂർണ്ണിമ ഇന്ദ്രജിത്ത്, വിജയരാഘവൻ, രഘുനാഥ് പാലേരി, ഹക്കിം ഷാ, പ്രിയംവദ കൃഷ്ണൻ എന്നിവരാണ് ചിത്രത്തിൽ പ്രധാനവേഷത്തിലെത്തുന്നത്. തൊട്ടപ്പൻ, കിസ്മത്ത് എന്നീ വ്യത്യസ്തമായ ചിത്രങ്ങൾ ഒരുക്കിയ ഷാനവാസ് കെ. ബാവാക്കുട്ടിയുടെ പുതുമയുള്ള മറ്റൊരു സിനിമയാകും ഇതെന്നാണ് ട്രെയിലർ നൽകുന്ന സൂചന. രഘുനാഥ് പാലേരിയുടേതാണ് തിരക്കഥ.ഗാനങ്ങൾ അൻവർ അലി, രഘുനാഥ് പലേരി, സംഗീതം അങ്കിത് മേനോൻ വർക്കി, ഛായാഗ്രഹണം എൽദോസ് ജോർജ്, എഡിറ്റിംഗ് മനോജ് സി. എസ്, കലാസംവിധാനം അ രുൺ ജോസ്, മേക്കപ്പ് അമൽ പീറ്റർ, കോസ്റ്റ്യൂം ഡിസൈൻ നിസ്സാർ റഹ്മത്ത്, പോസ്റ്റ് പ്രൊഡക്ഷൻ കോഓർഡിനേറ്റേഴ്സ് അരുൺ ഉടുമ്പു ഞ്ചോല, അഞ്ജുപിറ്റർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ബാബു രാജ്മനിശ്ശേരി, പ്രൊഡക്ഷൻ എക്സിക്യൂട്ടിവ് ഷിബു പന്തലക്കോട്, പ്രൊഡക്ഷൻ കൺട്രോളർ എൽദോ സെൽവരാജ്. സപ്തതരംഗ ക്രിയേഷൻസും വിക്രമാദിത്യൻ ഫിലിംസും ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. സപ്ത തരംഗ് ഈ ചിത്രം പ്രദർശനത്തിനെത്തിക്കുന്നു. പി.ആർ.ഒവാഴൂർ ജോസ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സന്ദർശക തിരക്കിൽ ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ

തൊടുപുഴ: വിദ്യാലയങ്ങൾ മധ്യവേനലവധിക്കായി അടച്ചതോടെ കുടുംബസമേതം വിനോദയാത്ര പോകുന്നവരുടെ എണ്ണം ദിനം പ്രതി വർധിക്കുന്നു. ജില്ലയ്ക്കകത്തും പുറത്തേയ്ക്കും വിനോദയാത്ര നടത്തുന്നതിനാണ് പല കുടുംബങ്ങളും തയാറെടുക്കുന്നത്. പലരും ടൂർ ഓപ്പറേറ്റർമാർ വഴി അവധിക്കാലം ആഘോഷിക്കാൻ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലങ്ങളിലേക്കുള്ള യാത്രയും താമസവും ബുക്ക് ചെയ്തു കഴിഞ്ഞു.

കനത്ത ചൂടിൽനിന്നും ജീവിതത്തിരക്കുകളിൽനിന്നും താത്കാലികമായെങ്കിലും മാറിനിന്ന് കുടുംബത്തോടൊപ്പം ഏതാനും ദിവസം ആസ്വദിക്കാമെന്ന നിലയ്ക്കാണ് പലരും ഈ അവധിക്കാലത്തെ യാത്രകളെ കാണുന്നത്. ഇത്തരക്കാർക്കായി ഇടുക്കിയും ദൃശ്യ മനോഹാരിതയൊരുക്കി കാത്തിരിക്കുകയാണ്. അന്യ ജില്ലകളിൽനിന്ന് ഒട്ടേറെ പേരാണ് ജില്ലയുടെ കുളിർമയും സൗന്ദര്യവും നുകരാനായി എത്തുന്നത്. ഇവർക്കായി ജില്ലാ ടൂറിസം കൗൺസിലും റിസോർട്ട്, ഹോട്ടൽ ഉടമകളും സൗകര്യങ്ങൾ ഒരുക്കികഴിഞ്ഞു.

അന്താരാഷ്ട്ര ടൂറിസം കേന്ദ്രങ്ങളായ വാഗമണ്ണിലും മൂന്നാറിലും തേക്കടിയിലുമാണ് ഈ അവധിക്കാലം ആഘോഷിക്കാൻ കൂടുതൽ പേരെത്തുന്നത്. തേക്കടിയിലെത്തുന്നവർക്ക് കാനന സൗന്ദര്യം ആസ്വദിച്ച് ബോട്ടിംഗിനും ട്രക്കിംഗിനും അവസരമുണ്ട്.

വാഗമണ്ണിൽ മൊട്ടക്കുന്നുകളുടെ മനോഹാരിതയും പൈൻമരക്കാടുകളും സന്ദർശകരെ ആകർഷിക്കുന്നു. ഡിടിപിസിയുടെ നേതൃത്വത്തിലുള്ള അഡ്വഞ്ചർ പാർക്കിൽ വിവിധ റൈഡുകൾ, പാരാഗ്ലൈഡിംഗ്, ഗ്ലാസ് ബ്രിഡ്ജ് എന്നിവയാണ് ഒരുക്കിയിരിക്കുന്നത്.

മൂന്നാറിൽ ഡിടിപിസിയുടെ ബോട്ടാണിക്കൽ ഗാർഡൻ, രാജമല ദേശീയോദ്യാനം, ടോപ് സ്റ്റേഷൻ വ്യൂപോയിൻറ്, കുണ്ടള, മാട്ടുപ്പെട്ടി, പൊൻമുടി ഡാമുകൾ എന്നിവയാണ് പ്രധാന സന്ദർശന കേന്ദ്രങ്ങൾ. മാട്ടുപ്പെട്ടിയിലും കുണ്ടളയിലും പൊൻമുടിയിലും ബോട്ടിംഗും ആസ്വദിക്കാം. ചന്ദനക്കാടുകൾ സ്വാഗതമോതുന്ന മറയൂരും ആപ്പിളും ഓറഞ്ചും ശീതകാല പച്ചക്കറികളും വിളയുന്ന കാന്തല്ലൂരും സന്ദർശകർക്ക് വിരുന്നൊരുക്കി കാത്തിരിക്കുകയാണ്. ഇതിനു പുറമേ കാട്ടാനകളെ അടുത്തു കാണാൻ കഴിയുന്ന മാങ്കുളം ആനക്കുളവും ഇപ്പോൾ തിരക്കേറിയ വിനോദ സഞ്ചാര കേന്ദ്രമാണ്.

ജില്ലയുടെ അഭിമാനമായ ഇടുക്കി, ചെറുതോണി ഡാമുകൾ അവധിക്കാലത്തോടനുബന്ധിച്ച് സന്ദർശകർക്കായി തുറന്നു നൽകിയിട്ടില്ലെങ്കിലും വൈകാതെ തുറക്കുമെന്നാണ് സൂചന. ഡിടിപിസിയുടെ ഹിൽ വ്യൂ പാർക്ക്, ആർച്ച് ഡാം, ബോട്ടിംഗ്, കൊലുന്പൻ സമാധി എന്നിവയാണ് ഇവിടുത്തെ പ്രധാന ആകർഷണം. രാമക്കൽമേടാണ് ജില്ലയിലെ മറ്റൊരു വിനോദ സഞ്ചാര കേന്ദ്രം. കുറവൻകുറത്തി ശില്പവും വ്യൂ പോയിൻറും കാറ്റാടിപ്പാടവും ഇവിടെ ആസ്വദിക്കാം. ആമപ്പാറ വ്യൂ പോയിൻറാണ് സമീപത്തെ മറ്റൊരു സന്ദർശന സ്ഥലം.

തൊടുപുഴയ്ക്കു സമീപത്തെ മലങ്കര ഡാം, തൊമ്മൻകുത്ത്, കാറ്റാടിക്കടവ്, ഇടുക്കി കാൽവരിമൗണ്ട്, അഞ്ചുരുളി, അയ്യപ്പൻകോവിൽ, കുട്ടിക്കാനം, പാഞ്ചാലിമേട്, പരുന്തുംപാറ, രാജാക്കാട് ശ്രീകൃഷ്ണപുരം തുടങ്ങി ഒട്ടേറെ ചെറുതും വലുതുമായ ടൂറിസം കേന്ദ്രങ്ങളാണ് വിസ്മയക്കാഴ്ചകളുമായി ഈ അവധിക്കാലത്ത് വിനോദ സഞ്ചാരികളെ കാത്തിരിക്കുന്നത്.

സഞ്ചാരികൾക്കായി പ്രത്യേക പായ്ക്കേജുകളും റിസോർട്ട് അധികൃതരും ടൂർ ഓപ്പറേറ്റർമാരും തയാറാക്കിയിട്ടുണ്ട്. എന്നാൽ ചില കേന്ദ്രങ്ങളിലെങ്കിലും സന്ദർശകർക്കാവശ്യമായ മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലായെന്നതാണ് വസ്തുത. ഇക്കാര്യത്തിൽ പ്രാദേശിക ഭരണ കൂടങ്ങളും വലിയ താത്പര്യം ചെലുത്തുന്നില്ലെന്ന് പ്രദേശവാസികൾ തന്നെ ചൂണ്ടിക്കാട്ടുന്നു.

# കലേന്ദ്രൻ കാണാമറയത്ത്; പോലീസ് അന്വേഷണത്തിനെതിരേ ബന്ധുക്കൾ

അഞ്ചൽ: ചണ്ണപ്പേട്ട വനത്തുംമുക്ക് സ്വദേശി കലേന്ദ്രനെ കാണാതായി നൂറ്റിപത്ത് ദിവസം പിന്നിടുമ്പോഴും കാര്യമായ തെളിവോ, സൂചനയോ കണ്ടെത്താൻ കഴിയാതെ പോലീസ് അന്വേഷണം.

കലേന്ദ്രനെ കാണാതാകുന്നതിനു മുമ്പ് എത്തിയെന്നു പറയപ്പെടുന്ന ഏരൂർ പഞ്ചായത്തിലെ നീരാറ്റുതടത്തിലെ പഴയ പന്നി ഫാമിൽ പോലീസ്, ഫയർ ഫോഴ്സ്, വനം വകുപ്പ് അധികൃതരുടെ നേതൃത്വത്തിൽ പരിശോധന നടത്തിയെങ്കിലും ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല.

പന്നി ഫാമിൻറെ മറവിൽ ടൺകണക്കിന് മാലിന്യം കുന്നുക്കൂട്ടിയിരിക്കുന്ന സ്ഥലത്ത് യാതൊരുവിധ സംവിധാനങ്ങളും ഇല്ലാതെ എത്തി പരിശോധന നടത്തിയ പോലീസ് നടപടിയെ രൂക്ഷമായ ഭാഷയിലാണ് കലേന്ദ്രൻറെ ബന്ധുക്കൾ പ്രതികരിച്ചത്.

കലേന്ദ്രനൊപ്പം കാണാതായ ദിവസം രാത്രിയിൽ പന്നി ഫാമിൽ എത്തിയ രാജേഷ് റിജോ എന്നിവരെ കൂടി എത്തിച്ചു വേണമായിരുന്നു പരിശോധന എന്നും പന്നി ഫാമിനോപ്പം സമീപത്തെ ഫാക്ടറി പരിസരം കൂടി പരിശോധിക്കണമെന്നും സഹോദരിയടക്കമുള്ളവർ ആവശ്യപ്പെട്ടിരുന്നു.

പന്നിഫാമിൽ പന്നിയെ പിടിക്കാനായി എത്തിയെന്നും ഫാമിലെ വെളിച്ചം കണ്ടു തങ്ങൾ ഓടി രക്ഷപ്പെട്ടുവെന്നും കലേന്ദ്രൻ ഫാമിനുള്ളിൽ അകപ്പെട്ടുവെന്നും സുഹൃത്തുക്കളായ രാജേഷ്, റിജോ എന്നിവർ മൊഴി നൽകിയിട്ടുണ്ട്.

ഇതിന് ശേഷമാണ് കലേന്ദ്രനെ കാണാത്തയതെന്നും ഇവർ ബന്ധുക്കൾ ഉൾപ്പടെയുള്ളവരോടും പറഞ്ഞിട്ടുണ്ട്. അതേസമയം അന്വേഷണം ഊർജിതമാണെന്ന നിലപാടാണ് പോലീസിനുള്ളത്.

കലേന്ദ്രനെ അപയപ്പെടുത്തിയിട്ടുണ്ടാകാം എന്ന നിഗമനത്തിലാണ് പോലീസ്.

അതേസമയം തന്നെ എപ്പോൾ, എങ്ങനെ ആരൊക്കെ എന്നതടക്കമുള്ള കാര്യങ്ങൾ മൂന്നരമാസം പിന്നിടുമ്പോഴും ഒരു തെളിവും കണ്ടെത്താൻ പോലീസിനു കഴിഞ്ഞിട്ടില്ല. ഇതിനിടയിൽ ബന്ധുക്കൾ ഹേബിയസ് കോർപസ് ഹർജിയുമായി ഹൈക്കോടതിയെ സമീപിക്കാനുള്ള നീക്കവും ആരംഭിച്ചിട്ടുണ്ട്.

# വെള്ളൂർ സ്റ്റാൻഡിൽ ബസുകൾ കയറുന്നില്ല

പെരുവ: വർഷങ്ങൾ കാത്തിരുന്നിട്ടും വെള്ളൂർ ബസ് സ്റ്റാൻഡിൽ ബസുകൾ കയറുന്നില്ല. 25 വർഷം മുമ്പ് വെള്ളൂരിൽ ബസ്സ്റ്റാൻഡ് നിർമിച്ചെങ്കിലും ജംഗ്ഷനിൽനിന്നു സ്റ്റാൻഡിലേക്കുള്ള റോഡിന് മതിയായ വീതിയില്ലെന്ന കാരണത്താൽ മോട്ടർ വാഹന വകുപ്പ് ബസ് സ്റ്റാൻഡ് പ്രവർത്തിപ്പിക്കാൻ അനുമതി നൽകിയില്ല. ഇതോടെ സ്റ്റാൻഡിൽ ബസുകൾ കയറാതായി. തുടർന്ന് ഭരണ സമിതികൾ പലതു മാറി വന്നെങ്കിലും പ്രശ്നത്തിനു പരിഹാരം കണ്ടെത്താനാകാതെ നിർമിച്ച കെട്ടിടവും നാശത്തിൻറെ വക്കിലായി. നിലവിലെ പഞ്ചായത്ത് ഭരണസമിതി വെള്ളൂർ കുഞ്ഞുരാമൻ സ്മാരക ഹൈസ്കൂൾ അധികൃതരുമായി നടത്തിയ ചർച്ചയിൽ ഒരു വർഷം മുമ്പ് റോഡിൻറെ വീതിക്കുറവുള്ള ഭാഗത്ത് എട്ട് മീറ്റർ വീതിയാക്കാൻ സ്കൂൾ വക സ്ഥലം സൗജന്യമായി വിട്ടുനൽകി. റോഡ് വീതി കൂട്ടി നവീകരിക്കുന്നതിൻറ ഉദ്ഘാടനം നടത്തി. ഇതു ജനങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകിയെങ്കിലും ഇപ്പോഴും സ്റ്റാൻഡിൽ ബസ് കയറാത്തത് ജനങ്ങളെ വീണ്ടും നിരാശരാക്കി.

കോട്ടയം, എറണാകുളം, വൈക്കം, പിറവം, മൂവാറ്റുപുഴ, പാലാ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നായി 30 ലധികം ബസുകൾ വെള്ളൂരിലെത്തി മടങ്ങിപ്പോകുന്നുണ്ട്. നിലവിൽ ജംഗ്ഷനിലാണ് ബസുകൾ പാർക്ക് ചെയ്യുന്നത്. തിരക്കേറുന്ന സമയങ്ങളിൽ ഇതു ഗതാഗതക്കുരുക്കിന് കാരണമാകാറുണ്ട്. സ്റ്റാൻഡ് ജനോപകാരപ്രദമാക്കാൻ അടിയന്തര നടപടി വേണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

വെള്ളൂർ ജംഗ്ഷനിൽനിന്നു ബസ് സ്റ്റാൻഡിലേക്കുള്ള റോഡ് വീതി കൂട്ടി അളന്ന് തിട്ടപ്പെടുത്തിയത് അല്ലാതെ ടാറിംഗ് ഉൾപെടെ ഒരു ജോലിയും നടത്തിയിട്ടില്ല. വെട്ടിക്കാട്ടുമുക്കിൽ നിന്നും വെള്ളൂർക്കുള്ള റോഡ് നിർമാണ ജോലിയുടെ പേരിൽ വെട്ടിപൊളിച്ചിട്ടിരിക്കുന്നതിനാൽ സമയത്ത് വെള്ളൂർ ജംഗ്ഷനിലേക്കു പോലും എത്തപ്പെടാൻ പറ്റാത്ത അവസ്ഥയാണ്. അവിടെ നിന്നും സ്റ്റാൻഡിലേക്കു പോകണമെങ്കിൽ വീണ്ടും സമയനഷ്ടം ഉണ്ടാകും. 20 വർഷം മുമ്പുള്ള സമയക്രമത്തിലാണ് ഇപ്പോഴും സർവീസ് നടത്തുന്നത്. ദൂരം കൂട്ടുന്നതനുസരിച്ചു സമയം കൂട്ടി നൽകിയിട്ടില്ല.

# കല്ലിശേരിയിലെ പമ്പിംഗ് തകരാർ: ചങ്ങനാശേരിയിലും സമീപ പഞ്ചായത്തുകളിലും ശുദ്ധജല ക്ഷാമം അതിരൂക്ഷം

ചങ്ങനാശേരി: കല്ലിശേരിയിലെ പമ്പിംഗ് തകരാർ പരിഹരിക്കാൻ ദിവസങ്ങൾ വേണ്ടിവരുമെന്ന് സൂചന. ചങ്ങനാശേരി നഗരത്തിലും സമീപ പഞ്ചായത്തുകളിലും ശുദ്ധജല ക്ഷാമം അതിരൂക്ഷമായി തുടരുന്നു. തിരുവല്ലചങ്ങനാശേരി നഗര ശുദ്ധജലവിതരണ പദ്ധതിയുടെ കല്ലിശേരിയിലെ ക്ലിയർ വാട്ടർ പമ്പ് ഹൗസിലെ കേടായ പമ്പിൻറെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ടാണ് ചങ്ങനാശേരിയിലേക്കുള്ള പമ്പിംഗിന് തടസം നേരിട്ടിരിക്കുന്നത്. തിരുവല്ല, ചങ്ങനാശേരി എന്നീ നഗരസഭകളുടെ വിവിധ പ്രദേശങ്ങളിലും തിരുവൻവണ്ടൂർ, കുറ്റൂർ, പായിപ്പാട്, തൃക്കൊടിത്താനം, കുറിച്ചി, കവിയൂർ, കുന്നന്താനം, വാഴപ്പള്ളി പഞ്ചായത്തുകളിലുമാണ് ശുദ്ധജല വിതരണം തടസപ്പെട്ടിരിക്കുന്നത്. മോട്ടോറിൻറെ തകരാർ പരിഹിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ ഇന്നാരംഭിക്കുമെന്നാണ് അധികൃതർ അറിയിച്ചിരിക്കുന്നത്. അറ്റകുറ്റപ്പണിയുടെ ഭാഗമായി ജലശുദ്ധീകരണ ശാലയിൽനിന്നുള്ള ജലലഭ്യതയിൽ ഗണ്യമായ കുറവ് അനുഭവപ്പെടുമെന്നും 14 വരെ ദിവസങ്ങളിൽ ശുദ്ധജല വിതരണത്തിനു ഭാഗികതടസം നേരിടുമെന്നും ജല ഉപഭോഗത്തിൽ മിതത്വം പാലിക്കണമെന്നും വേണ്ട കരുതലുകൾ എടുക്കണമെന്നും അധികൃതർ അറിയിച്ചിട്ടുണ്ട്. കല്ലിശേരി, കറ്റോട് പദ്ധതികളിലെ വെള്ളം പമ്പുചെയ്യുന്ന കിണറുകളിൽ വെള്ളത്തിൻറെ അളവ് കുറഞ്ഞതുമൂലം ചങ്ങനാശേരിയിലും സമീപ പഞ്ചായത്തുകളിലും ഇപ്പോൾത്തന്നെ പത്തും പന്ത്രണ്ടും ദിവസത്തിനിടയിലാണ് ശുദ്ധജലം എത്തുന്നത്. അതിനിടയിലാണ് മോട്ടോർ തകരാറിനെത്തുടർന്നു ജലനിയന്ത്രണം ഏർപ്പെടുത്തിയതുമൂലമുള്ള പുതിയ പ്രതിസന്ധി രൂപപ്പെട്ടിരിക്കുന്നത്. വരുംദിവസങ്ങളിൽ ശുദ്ധജല വിതരണം കൂടുതൽ പ്രതിസന്ധിയിലേക്കു നീങ്ങാനാണ് സാധ്യതയെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു.

# സിറ്റി ഗ്യാസ് പദ്ധതി: ജില്ലയിൽ നാലിടത്ത് സ്റ്റേഷൻ

പത്തനംതിട്ട: സുരക്ഷിത പൈപ്പുകളിലൂടെ പ്രകൃതി വാതകം വീടുകളിൽ എത്തിക്കുന്ന കേന്ദ്രസർക്കാരിൻറെ സിറ്റി ഗ്യാസ് പദ്ധതി പത്തനംതിട്ട ജില്ലയിലും വൈകാതെ പ്രാവർത്തികമാകും. ഇതിൻറെ ഭാഗമായി നാല് ഗ്യാസ് സ്റ്റേഷനുകൾ തുടങ്ങും.

തിരുവല്ല, പത്തനംതിട്ട, കോഴഞ്ചേരി, കുളനട എന്നിവിടങ്ങളിലാണ് ഗ്യാസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത്. ഇവിടങ്ങളിലെ ഇന്ത്യൻ ഓയിൽ, ഭാരത് പെട്രോളിയം, ഹിന്ദുസ്ഥാൻ പെട്രോളിയം എന്നിവയുടെ പെട്രോൾ പമ്പുകളുമായി സഹകരിച്ചായിരിക്കും നിർമാണം നടത്തുന്നത്.

കുളനടയിൽ ഗ്യാസ് സ്റ്റേഷൻറെ നിർമാണം തുടങ്ങിയിട്ടുണ്ട്. രണ്ടു മാസത്തിനുള്ളിൽ ബാക്കി മൂന്നിടത്തും നിർമാണം തുടങ്ങാനാണ് തീരുമാനം. പ്രാഥമിക ഘട്ടത്തിൽ സിഎൻജി വാഹനങ്ങൾക്കുള്ള ഗ്യാസ് സ്റ്റേഷനുകളായിട്ടാണ് ഇവയെല്ലാം പ്രവർത്തിക്കുക. രണ്ടാംഘട്ടത്തിൽ ഇവിടെനിന്നു വീടുകളിലേക്ക് കണക്ഷൻ നൽകുന്ന ജോലികളും തുടങ്ങും.

സിഎൻജി വാഹനങ്ങൾക്ക് നൽകാനുള്ള പമ്പുകളും പ്രവർത്തിപ്പിക്കാം. ടെൻഡർ നടപടികളിലൂടെയാണ് ജില്ലകളിലെ വിതരണച്ചുമതല നൽകുന്നത്. തിരിച്ചറിയൽരേഖ നൽകി വീടുകളിലേക്ക് കണക്ഷനെടുക്കാം. രണ്ട് വർഷത്തിൽ പദ്ധതി പ്രവർത്തിച്ചു തുടങ്ങുമെന്നാണ് സൂചന.

വീടുകളിലേക്ക് പൈപ്പുകളിലൂടെ പ്രകൃതിവാതകം വിതരണം ചെയ്യുന്നതിന് മുന്പായി അതത് പ്രദേശങ്ങളിൽ വിശദമായ പഠനം നടത്തേണ്ടതുണ്ട്. കൂടാതെ പൈപ്പ് വഴി കണക്ഷൻ വേണ്ട വീടുകൾ, പൈപ്പ് ലൈൻ കടന്നുപോകുന്ന റോഡുകൾ എന്നിവയെക്കുറിച്ചുള്ള സർവേയും ആവശ്യമാണ്.

ജില്ലയിൽ രണ്ടുമാസത്തിനകം ഇത്തരം പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നു പദ്ധതിയുടെ ചുമതലയുള്ള ഷോലാ ഗ്യാസ് കമ്പനി അധികൃതർ വ്യക്തമാക്കി. കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ സിറ്റിഗ്യാസ് പദ്ധതി ഈ കമ്പനിയാണ് നടപ്പാക്കുന്നത്. നിലവിൽ കോട്ടയം ജില്ലയിൽ സിറ്റി ഗ്യാസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

**ഒരുകിലോ വാതകത്തിന് 56 രൂപ**

അപകടരഹിതവും ചെലവുകുറഞ്ഞതുമായ രീതിയാണ് സിറ്റി ഗ്യാസ് പദ്ധതി. എൽപിജിയേക്കാൾ 25 മുതൽ 30 ശതമാനം ചെലവുകുറവാണ്. മുഴുവൻ സമയവും പാചകവാതകം ലഭ്യമാകുമെന്നതാണ് സിറ്റി ഗ്യാസിൻറെ മറ്റൊരു പ്രധാന ആകർഷണം.

പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾക്കും പാചകവാതകം ലഭ്യമാക്കും. കിലോ അളവലാണ് വാതക ഉപയോഗത്തിൻറെ കണക്കെടുക്കുക.

ഒരു കിലോ പാചകവാതകത്തിന് 56 രൂപയാണ് ഈടാക്കുന്നത്. വാഹനങ്ങളിൽ ഉപയോഗിക്കുന്ന സിഎൻജി അഥവാ കംപ്രസ്ഡ്നാച്ചുറൽ ഗ്യാസിന് കിലോഗ്രാമിന് 85 രൂപയാണ് വില.

കണക്ഷനുവേണ്ടി പൈപ്പിടുന്ന ജോലികൾ മുതൽ സ്റ്റൗ ബർണറുകൾ മാറ്റുന്നതുവരെയുള്ള പ്രവൃത്തികൾ മുഴുവനും ചെയ്യുന്നത് ഉത്തരവാദിത്വപ്പെട്ട കമ്പനിയായിരിക്കും. ഇവയുടെ ചെലവായി ഉപഭോക്താക്കളിൽനിന്നും 5,0006,000 രൂപ ഈടാക്കും. കണക്ഷൻ എടുത്ത ഉപഭോക്താവ് മാസങ്ങളോളം സ്ഥലത്തില്ലെങ്കിൽ അധികൃതരെ നേരത്തേ അറിയിച്ച് വിച്ഛേദിക്കണം.

പിന്നീട് വീണ്ടും കണക്ഷൻ എടുക്കാൻ പ്രത്യേകം ഫീസും ഈടാക്കില്ല. രണ്ടു മാസത്തിലൊരിക്കൽ കമ്പനിയുടെ ഉദ്യോഗസ്ഥൻ സ്ഥലത്തെത്തി എടുക്കുന്ന മീറ്റർ റീഡിംഗിൻറെ അടിസ്ഥാനത്തിലായിരിക്കും ബില്ല്? നൽകുക. ഉപയോഗിക്കുന്ന ഗ്യാസിനു മാത്രം ബിൽ നൽകിയാൽ മതിയാകും.

# തിരഞ്ഞെടുപ്പ് ഘട്ടത്തിൽ സ്ഥാനാർഥിയെ ചോദ്യംചെയ്യാൻ വിളിക്കുന്നത് ശരിയല്ല: ഇ.ഡിയോട് ഹൈക്കോടതി

കൊച്ചി: ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഒരു സ്ഥാനാർഥിയോട് തിരഞ്ഞെടുപ്പ് അടുത്ത് നിൽക്കുന്ന ഘട്ടത്തിൽ ചോദ്യം ചെയ്യലിന് ഹാജാരാകാൻ ആവശ്യപ്പെടുന്നത് അനുചിതമാണെന്ന് ഹൈക്കോടതി. പത്തനംതിട്ടയിലെ സിപിഎം സ്ഥാനാർഥിയും മുൻ ധനവകുപ്പ് മന്ത്രിയുമായ തോമസ് ഐസക് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നടപടിയെ ചോദ്യംചെയ്ത് നൽകിയ ഹർജിയിലാണ് കോടതിയുടെ പരാമർശം.

മസാലബോണ്ട് കേസിൽ ചോദ്യം ചെയ്യലിന് ഹാജരാകാൻ ആവശ്യപ്പെട്ട് സമൻസ് അയച്ച ഇ.ഡി.നടപടിയെ ആണ് തോമസ് ഐസകും കിഫ്ബി ഉദ്യോഗസ്ഥരും ചോദ്യം ചെയ്തത്.

ഇഡി സമർപ്പിച്ച വിവരങ്ങൾ കാണിക്കുമ്പോൾ, ഈ ഘട്ടത്തിൽ ഉദ്യോഗസ്ഥരെയും ഐസകിനെയും ഇഡിക്ക് മുന്നിൽ ഹാജരാകാൻ നിർബന്ധിക്കുന്നത് ഇപ്പോൾ അനാവശ്യമാണെന്ന് കോടതി ചൂണ്ടിക്കാട്ടി.

'ഇഡി കൈമാറിയ വിവരങ്ങൾ പരിശോധിച്ചു. പക്ഷേ നൽകിയ വിവരങ്ങൾ വെളിപ്പെടുത്താൻ ഇത് ശരിയായ ഘട്ടമാണെന്ന് എനിക്ക് തോന്നുന്നില്ല. എന്നിരുന്നാലും ചില ഇടപാടുകൾക്ക് വിശദീകരണം ആവശ്യമാണെന്നും അത് പിന്നീടുള്ള ഘട്ടത്തിൽ ചെയ്യാം പ്രത്യേകിച്ചും തിരഞ്ഞെടുപ്പ് അടുത്തിരിക്കുന്നതിനാൽ. ഹരജിക്കാരൻ ഒരു സ്ഥാനാർത്ഥിയാണ്, പാർലമെന്റിലേക്കുള്ള പ്രാതിനിധ്യത്തിനായി തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്ന ഒരു സ്ഥാനാർത്ഥി തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന ഈ ഘട്ടത്തിൽ അസ്വസ്ഥനാകുന്നത് ഉചിതമാണെന്ന് ഞാൻ കരുതുന്നില്ല' ജസ്റ്റിസ് ടി.ആർ.രവി വ്യക്തമാക്കി. കേസ് മെയ് 22 ലേക്ക് മാറ്റിവെക്കുകയാണെന്നും കോടതി അറിയിച്ചു.

## ശക്തമായ കാറ്റിനും സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത 3 മണിക്കൂറിൽ മൂന്ന് ജില്ലകളിൽ മഴയ്ക്ക് സാധ്യത. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ നേരിയതോ മിതമായതോ ആയ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് വ്യക്തമാക്കി.

ഇടിമിന്നലിന്റെ ആദ്യ ലക്ഷണം കണ്ടുകഴിഞ്ഞാൽ ഉടൻ തന്നെ സുരക്ഷിതമായ കെട്ടിടത്തിനുള്ളിലേക്ക് മാറുക. തുറസായ സ്ഥലങ്ങളിൽ തുടരുന്നത് ഇടിമിന്നലേൽക്കാനുള്ള സാധ്യത വർധിപ്പിക്കും.

ശക്തമായ കാറ്റിനും ഇടിമിന്നലിനും സാധ്യതയുള്ള ഘട്ടത്തിൽ ജനലും വാതിലും അടച്ചിടുക. വാതിലിനും ജനലിനും അടുത്ത് നിൽക്കാതെയിരിക്കുക. കെട്ടിടത്തിനകത്ത് തന്നെ ഇരിക്കുകയും പരമാവധി ഭിത്തിയിലോ തറയിലോ സ്പർശിക്കാതിരിക്കാൻ ശ്രമിക്കുകയും ചെയ്യുക. ഗൃഹോപകരണങ്ങളുടെ വൈദ്യുതി ബന്ധം വിഛേദിക്കുക. വൈദ്യുതോപകരണങ്ങളുമായുള്ള സാമീപ്യം ഇടിമിന്നലുള്ള സമയത്ത് ഒഴിവാക്കുക. ഇടിമിന്നലുള്ള സമയത്ത് ടെലഫോൺ ഉപയോഗിക്കുന്നത് ഒഴിവാക്കണം. മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് കൊണ്ട് കുഴപ്പമില്ല. അന്തരീക്ഷം മേഘാവൃതമാണെങ്കിൽ തുറസായ സ്ഥലത്തും ടെറസിലും കുട്ടികൾ ഉൾപ്പെടെ കളിക്കുന്നത് ഒഴിവാക്കുക.

## 301ാമത് സ്നേഹഭവനം എട്ടംഗ കുടുംബത്തിന്

പത്തനംതിട്ട: സാമൂഹിക പ്രവർത്തക ഡോ. എം. എസ്. സുനിൽ ഭവനരഹിതരായ സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിൽ കഴിയുന്ന നിരാലംബർക്ക് പണിത് നൽകുന്ന 301ാമത് സ്നേഹഭവനം മണ്ണടി കന്നിമല സൂര്യ ഭവനിൽ ആതിര അരുണിനും കുടുംബത്തിനുമായി ചിക്കാഗോ സിഎസ്ഐ ചർച്ചിൻറെ സഹായത്താൽ നിർമിച്ചു നൽകി. വീടിൻറെ താക്കോൽദാനവും ഉദ്ഘാടനവും ചർച്ച് അംഗമായ ശാമുവൽ ജോൺസനും സുശീല ജോൺസനും ചേർന്ന് നിർവഹിച്ചു. വർഷങ്ങളായി സ്വന്തമായി ഭവനം ഇല്ലാതെ സുരക്ഷിതമല്ലാത്ത സാഹചര്യത്തിലായിരുന്നു ആതിരയും ഭർത്താവ് അരുണും മൂന്ന് പെൺകുഞ്ഞുങ്ങളും കഴിഞ്ഞിരുന്നത്. പ്രായമായ അച്ഛനും രോഗികളായ അമ്മയും സഹോദരിയും അടങ്ങുന്നതായിരുന്നു ഇവരുടെ കുടുംബം. അരുൺ കൂലിവേല ചെയ്തു കൊണ്ടുവരുന്ന ചെറിയ വരുമാനം മാത്രമായിരുന്നു എട്ടംഗ കുടുംബത്തിൻറെ ഏക ആശ്രയം. സ്ഥല പരിമിതി മൂലം രണ്ട് നിലകളിലായി രണ്ട് മുറികളും അടുക്കളയും ഹാളും ശുചിമുറിയും സിറ്റൗട്ടും അടങ്ങിയ വീട് നിർമിച്ചു നൽകുകയായിരുന്നു.

# ആരോഗ്യമന്ത്രി നിലപാട് മാറ്റിയത് നിൽക്കക്കള്ളിയില്ലാതെ: പുതുശേരി

തിരുവല്ല: കോഴിക്കോട് മെഡിക്കൽ കോളജ് സംഭവത്തിൽ ഹൈക്കോടതി നിർദേശം പാലിക്കുമെന്നാണ് ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞതെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന ഇക്കാര്യത്തിൽ ഉണ്ടായ ജാള്യം മറയ്ക്കാനും ജനങ്ങളെ തെറ്റിധരിപ്പിക്കാനും ലക്ഷ്യം വച്ചുള്ളതാണെന്ന് കേരള കോൺഗ്രസ് വൈസ് ചെയർമാൻ ജോസഫ് എം. പുതുശേരി.

അതിജീവിതക്കൊപ്പം നിന്നതിൻറെ പേരിൽ സ്ഥലം മാറ്റിയ സീനിയർ നഴ്സിംഗ് ഓഫീസർ പി. ബി. അനിതയെ ഏപ്രിൽ ഒന്നിനു വരുന്ന ഒഴിവിൽ കോഴിക്കോട് മെഡിക്കൽ കോളജിൽ തന്നെ നിയമിക്കണമെന്ന് മാർച്ച് ഒന്നിന് ഹൈക്കോടതി നൽകിയ ഉത്തരവ് നടപ്പാക്കാതെ പീഡകർക്കൊപ്പം നിലയിറപ്പിക്കുകയായിരുന്നു ആരോഗ്യമന്ത്രി.

ഒടുവിൽ അനിതയുടെയും അതിജീവിതയുടെയും സമരവും വ്യാപകമായ പ്രതിഷേധവും ഉയര!ന്നപ്പോഴാണ് നിൽക്കക്കള്ളി ഇല്ലാതെ കണ്ണിൽ പൊടിയിടാനുള്ള ഉത്തരവെങ്കിലും ഇറക്കിയത്. വസ്തുത ഇതായിരിക്കേ, കോടതിവിധി അനുസരിക്കുമെന്നാണ് മന്ത്രി പറഞ്ഞതെന്ന മുഖ്യമന്ത്രിയുടെ വ്യാഖ്യാനം വീണിടത്ത് കിടന്നു ഉരുളുന്നതിന് തുല്യമാണ്. ശസ്ത്രക്രിയ കഴിഞ്ഞ് അർധബോധാവസ്ഥയിൽ ഐസിയുവിൽ കഴിഞ്ഞ യുവതിയെ പീഡിപ്പിച്ച പാർട്ടി യൂണിയനിൽപെട്ട പീഡകനേയും അതിജീവിത നൽകിയ മൊഴിമാറ്റി പറയാൻ അവരെ നിർബന്ധിച്ച മറ്റുള്ളവരെയും സംരക്ഷിക്കാനാണ് മന്ത്രി നഗ്നമായ ഈ കോടതി അലക്ഷ്യം കാട്ടിയത്. എന്നിട്ട് താൻ അതിജീവിതയ്ക്കൊപ്പമാണെന്ന വായ്ത്താരി ആവർത്തിച്ചിട്ട് കാര്യമില്ലെന്നും പുതുശേരി പറഞ്ഞു.

മന്ത്രി തന്നോടൊപ്പം അല്ല എന്ന് വ്യക്തമായിരിക്കുന്നെന്ന് അതിജീവിത തന്നെ പരസ്യമായി വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ ആത്മാഭിമാനം അല്പമെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ മന്ത്രി രാജിവച്ചൊഴിയുകയാണ് വേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.